

പതിനാറാം കേരളനിയമസഭ

എസ്റ്റിമേറ്റ്സ് കമ്മിറ്റി
(2026-2029)

രണ്ടാമത് റിപ്പോർട്ട്

[എസ്റ്റിമേറ്റ്സ് കമ്മിറ്റി (2021-2023)യുടെ പത്താമത് റിപ്പോർട്ടിലെ (വനിത-ശിശുവികസന വകുപ്പിന്റെ ബഡ്ജറ്റ് വിഹിത വിനിയോഗം സംബന്ധിച്ച്) ശിപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച റിപ്പോർട്ട്]

(2026 ഒക്ടോബർ മാസം 29-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരളനിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026

പതിനാറാം കേരളനിയമസഭ

എസ്റ്റിമേറ്റ്സ് കമ്മിറ്റി
(2026-2029)

രണ്ടാമത് റിപ്പോർട്ട്

[എസ്റ്റിമേറ്റ്സ് കമ്മിറ്റി (2021-2023)യുടെ പത്താമത് റിപ്പോർട്ടിലെ
(വനിത-ശിശുവികസന വകുപ്പിന്റെ ബഡ്ജറ്റ് വിഹിത വിനിയോഗം സംബന്ധിച്ച്)
ശിപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച
നടപടികളെ സംബന്ധിച്ച റിപ്പോർട്ട്]

ഉള്ളടക്കം

പേജ്

സമിതിയുടെ ഘടന		:
മുഖവുര		:
അദ്ധ്യായം I :	റിപ്പോർട്ട്	:
അദ്ധ്യായം II :	ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ	:
അദ്ധ്യായം III :	ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അധികവിവരം ആവശ്യപ്പെട്ടവയും ഇനിയും മറുപടി ലഭ്യമാക്കാത്തതുമായവ	:
അനുബന്ധം I:		:
അനുബന്ധം II:		:
അനുബന്ധം III:		:

എസ്റ്റിമേറ്റ്സ് കമ്മിറ്റി
(2026-2029)

ഘടന

ചെയർപേഴ്സൺ

ശ്രീ. വി. ടി. ബൽറാം

അംഗങ്ങൾ

ശ്രീ. പാറക്കൽ അബ്ദുല്ല

ശ്രീ. ആര്യാടൻ ഷൗക്കത്ത്

ശ്രീ. ബി. ബി. ഗോപകുമാർ

ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. ടി. ഒ. മോഹനൻ

ശ്രീ. പി. എ. മുഹമ്മദ് റിയാസ്

ശ്രീ. സനീഷ്കുമാർ ജോസഫ്

ശ്രീ. വി. കെ. സനോജ്

ശ്രീമതി രമ്യ ഹരിദാസ്

നിയമസഭാ സെക്രട്ടേറിയറ്റ്

ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി-ഇൻ-ചാർജ്ജ്

ശ്രീ. വി. ജി. റിജു, ജോയിന്റ് സെക്രട്ടറി

ശ്രീമതി ചിത്ര കെ. ഐ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി അനിത ഇ., അണ്ടർ സെക്രട്ടറി

മുഖവുര

എസ്റ്റിമേറ്റ്സ് കമ്മിറ്റി (2026-2029)-യുടെ ചെയർപേഴ്സണായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പതിനഞ്ചാം കേരളനിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റി (2021-2023)യുടെ പത്താമത് റിപ്പോർട്ട് (വനിത-ശിശുവികസന വകുപ്പിന്റെ ബഡ്ജറ്റ് വിഹിത വിനിയോഗം സംബന്ധിച്ച്) 2023 സെപ്റ്റംബർ മാസം 13-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ 43 ശിപാർശകളാണുണ്ടായിരുന്നത്. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളും അതിന്മേൽ സമിതി ആരാഞ്ഞ അധികവിവരങ്ങളും അവയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടികളിൽ സമിതി അംഗീകരിച്ചവയും സമിതി ആരാഞ്ഞ അധികവിവരത്തിന്മേൽ ഇനിയും മറുപടി ലഭ്യമാക്കാനുള്ളവയും നടപടി റിപ്പോർട്ടുകൾ ലഭ്യമാക്കാത്ത ശിപാർശകളും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

2026 ഒക്ടോബർ മാസം 27-ാം തീയതി ചേർന്ന സമിതി യോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

വി. ടി. ബൽറാം,
ചെയർപേഴ്സൺ,
എസ്റ്റിമേറ്റ്സ് കമ്മിറ്റി.

തിരുവനന്തപുരം,
2026 ഒക്ടോബർ 29.

റിപ്പോർട്ട്

അദ്ധ്യായം – I

പതിനഞ്ചാം കേരളനിയമസഭ എസ്റ്റിമേറ്റ്സ് കമ്മിറ്റി (2021–2023)യുടെ പത്താമത് റിപ്പോർട്ട് (വനിത–ശിശുവികസന വകുപ്പിന്റെ ബഡ്ജറ്റ് വിഹിത വിനിയോഗം സംബന്ധിച്ച്) 2023 സെപ്റ്റംബർ മാസം 13-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ 43 ശിപാർശകളാണ് ഉണ്ടായിരുന്നത്.

ശിപാർശകളിൽ അടിയന്തര നടപടി സ്വീകരിക്കുന്നതിന് റിപ്പോർട്ടിന്റെ പകർപ്പ് 04.10.2023-ന് സർക്കാരിലേക്ക് അയച്ചുകൊടുത്തു. റിപ്പോർട്ടിലെ ശിപാർശകളിന്മേൽ വിവിധ വകുപ്പുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന സമാഹൃത കുറിപ്പ് 19.12.2024, 31.07.2025, 22.07.2026 എന്നീ തീയതികളിൽ ചേർന്ന യോഗത്തിൽ സമിതി പരിഗണിച്ചു.

സമിതി (2021–2023)–യുടെ പത്താമത് റിപ്പോർട്ടിലെ ശിപാർശകളും അവയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടികളിൽ സമിതി അംഗീകരിച്ചവയും ഈ റിപ്പോർട്ടിന്റെ അദ്ധ്യായം II–ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

സമിതി ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ട് പരിഗണിച്ച വേളയിൽ സമിതി ആരാഞ്ഞ അധിക വിവരങ്ങളിന്മേലും ഇനിയും സർക്കാർ മറുപടി ലഭ്യമാക്കാത്തവയും അദ്ധ്യായം III–ൽ ഉൾപ്പെടുത്തിയിരിക്കുന്നു. ആയതിന്മേൽ അനന്തര നടപടി സ്വീകരിച്ച് സമിതിയെ അറിയിക്കേണ്ടതാണ്.

അദ്ധ്യായം II

ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ (ബ്രാക്കറ്റിൽ പരാമർശിച്ചിരിക്കുന്ന ഖണ്ഡികകൾ മൂല റിപ്പോർട്ടിലെ ഖണ്ഡികകളാണ്)

ശിപാർശ–1 (ഖണ്ഡിക 8)

വകുപ്പിന്റെ പ്രവൃത്തികൾ കാര്യക്ഷമമായി നടപ്പാക്കുന്നതിനായി താഴെത്തട്ടു മുതൽ തന്നെ സംവിധാനങ്ങൾ പൂർണ്ണതോതിൽ പ്രവർത്തിക്കേണ്ടതുണ്ട്. വകുപ്പിന്റെ പ്രവൃത്തികൾ നടപ്പാക്കുന്നതിന് ഫണ്ടിന്റെ അപര്യാപ്തതയുമുണ്ട്. ആയതിനാൽ വകുപ്പിന്റെ പ്രവർത്തനങ്ങൾ പൂർണ്ണമായി പ്രവൃത്തിപഥത്തിൽ എത്തിക്കുന്നതിന് താഴെത്തട്ടിലുള്ള സംവിധാനങ്ങൾ സജ്ജമാക്കുന്നതിനും പ്രവൃത്തികൾ നടപ്പാക്കുന്നതിനും ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

സർക്കാർ സ്വീകരിച്ച നടപടി
വനിതാശിശുവികസന (എ) വകുപ്പ്

വകുപ്പിന്റെ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് ആനുവൽ പ്ലാനിൽ ഉൾപ്പെടുത്തി വകുപ്പിൽ നിന്നും സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിഗണനയിലാണ്.

ശിപാർശ-2 (ഖണ്ഡിക 9)

വനിതാശിശുവികസന വകുപ്പിനു കീഴിൽ ഒട്ടേറെ പദ്ധതികൾ നടപ്പാക്കി വരുന്നു. സമാന സ്വഭാവമുള്ള പദ്ധതികളുടെ ഏകീകരണം അനിവാര്യമാണ്. മാറി മാറി വരുന്ന സർക്കാരുകൾ പ്രഖ്യാപിക്കുന്ന ജനോപകാരപ്രദമായ പദ്ധതികൾ ക്രോഡീകരിച്ച് സമാന സ്വഭാവമുള്ള പദ്ധതികളെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നത് പദ്ധതി നടത്തിപ്പിന് ഗുണകരമായിരിക്കുമെന്ന് സമിതി കരുതുന്നു. സാമൂഹ്യനീതി വകുപ്പിന് കീഴിൽ ഭിന്നശേഷിക്കാർ, വയോജനം, ട്രാൻസ്ജെൻഡർ എന്നിവരുടെ ക്ഷേമം സംബന്ധിച്ച് കൃത്യമായി പരാമർശിക്കുന്നുണ്ട്. എന്നാൽ വനിത-ശിശുവികസന വകുപ്പിൽ അത്തരത്തിൽ കൃത്യമായ പരാമർശങ്ങളൊന്നും തന്നെയില്ല. ആയതിനാൽ വനിത-ശിശുവികസന വകുപ്പിന്റെ പരിധിയിൽ വരുന്ന വിഷയങ്ങൾ സംബന്ധിച്ച് കൃത്യമായ മാർഗരേഖയുണ്ടാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി
വനിതാശിശുവികസന (എ) വകുപ്പ്

വകുപ്പിന്റെ പരിധിയിൽ വരുന്ന വിഷയങ്ങൾ സംബന്ധിച്ച് നിലവിൽ മാർഗരേഖയുണ്ട്. മാർഗരേഖ ഇല്ലാത്തവയ്ക്കും പുതുതായി നടപ്പിലാക്കുന്ന പദ്ധതികൾക്കും കൃത്യമായ മാർഗരേഖ ഉണ്ടാക്കുന്നതാണ്. വകുപ്പിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന് ശില്പശാലകൾ സംഘടിപ്പിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

ശിപാർശ-3 (ഖണ്ഡിക 10)

വളരെ കുറച്ച് പ്ലാൻ ഫണ്ട് ലഭിക്കുന്ന വകുപ്പാണ് വനിതാ ശിശു വികസനം. വകുപ്പ് വഴി നടപ്പാക്കുന്ന പദ്ധതികളിൽ പലതും ഫണ്ടിന്റെ അപര്യാപ്തത മൂലം നടപ്പാക്കാൻ സാധിക്കാതെ വരികയോ പാതിവഴിയിൽ ഉപേക്ഷിക്കേണ്ട സ്ഥിതിയോ ഉണ്ടാകാറുണ്ട്. ആയതിനാൽ ബഡ്ജറ്റിൽ അനുവദിക്കുന്ന പ്ലാൻ ഫണ്ടിന്റെ ഇരട്ടിത്തുക ലഭ്യമായാൽ മാത്രമേ പദ്ധതികൾ പൂർണ്ണമായി നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ. ബഡ്ജറ്റിൽ വകുപ്പിനായി അനുവദിക്കുന്ന മുഴുവൻ തുകയും വകുപ്പ് ചെലവഴിക്കേണ്ടതുമാണ്. ആയതിനാൽ വനിതാ-ശിശുവികസന വകുപ്പിന്റെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടപ്പാക്കുന്നതിന് ബഡ്ജറ്റിൽ പ്ലാൻ ഫണ്ട് ഇനത്തിൽ കൂടുതൽ തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വനിതാശിശുവികസന (എ) വകുപ്പ്

വനിത ശിശു വികസന വകുപ്പിന് 2023-24 സാമ്പത്തിക വർഷം 112004.64 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്. 2024-25 ൽ 149422.25 ലക്ഷം രൂപ വകയിരുത്തുന്നതിനായി വകുപ്പിൽ നിന്നും സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിഗണനയിലാണ്.

ധനകാര്യ (വനിത ശിശുവികസനം) വകുപ്പ്

ബജറ്റിൽ വകയിരുത്തുന്ന തുകയ്ക്ക് പുറമെ വനിതാ ശിശുവികസന വകുപ്പിന്റെ വിവിധ പദ്ധതികൾക്കായി മുൻ വർഷങ്ങളിൽ എല്ലാം തന്നെ അധിക തുക അനുവദിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണ പുരോഗതിയുടെയും ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയുടെ വിനിയോഗത്തിന്റെയും അടിസ്ഥാനത്തിൽ അധിക വിഹിതം ആവശ്യമായി വരുന്ന പക്ഷം ഭരണവകുപ്പ് സമർപ്പിക്കുന്ന ഉചിത ശിപാർശ പരിശോധിച്ചും സംസ്ഥാനത്തിന്റെ വിഭവ ലഭ്യത കണക്കിലെടുത്തും അധിക വിഹിതം അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

ശിപാർശ-4 (ഖണ്ഡിക 12)

നിലവിൽ അങ്കണവാടികൾ ആകർഷകമായ രീതിയിലാണ് നിർമ്മിക്കുന്നത്. മോണ്ടിസോറി മാതൃകയിലുള്ള വിദ്യാലയങ്ങൾക്ക് വിദ്യാർത്ഥികളുടേയും രക്ഷിതാക്കളുടെയും ശ്രദ്ധ ആകർഷിക്കാനും സാധിക്കുന്നുണ്ട്. പല അങ്കണവാടികളും നല്ല കെട്ടിടവും ആകർഷകമായ ഡിജിറ്റൽ ഉപകരണങ്ങളും മറ്റ് സൗകര്യങ്ങളുമുള്ളവയാണെങ്കിലും ഇപ്പോഴും ജീർണ്ണാവസ്ഥയിലുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവയുമുണ്ട്. ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ലഭിക്കാൻ യോഗ്യതയില്ലാത്ത വാടക കെട്ടിടങ്ങളിലും അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. അങ്കണവാടികൾക്ക് സ്ഥലം വാങ്ങുന്നതിന് വനിത-ശിശുവികസന വകുപ്പിൽ നിന്ന് തുക അനുവദിക്കാറില്ല. പഞ്ചായത്തിരാജ്/ നഗരപാലിക നിയമപ്രകാരം അങ്കണവാടികൾക്കുവേണ്ടി സ്ഥലം വാങ്ങി നൽകേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്. സംസ്ഥാനത്ത് ഏകദേശം 33,000 അങ്കണവാടികളിൽ 12,000-ത്തിലേറെ അങ്കണവാടികൾ സ്വന്തമായ കെട്ടിടമില്ലാതെ ജീർണ്ണാവസ്ഥയിലുള്ള വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ആയതിനാൽ സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിച്ച് നൽകുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിന് പ്രത്യേക ഫണ്ട് അനുവദിക്കണമെന്നും സമയബന്ധിതമായി കെട്ടിടം നിർമ്മിച്ച് നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു

സർക്കാർ സ്വീകരിച്ച നടപടി
വനിതാശിശുവികസന (ബി) വകുപ്പ്

അങ്കണവാടികൾക്ക് സ്ഥലം വാങ്ങുന്നതിന് വകുപ്പിൽ നിന്നും തുക അനുവദിച്ചു വരുന്നില്ല. പഞ്ചായത്തിരാജ്/നഗരപാലിക നിയമപ്രകാരം അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിച്ചു നൽകേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്. ആകയാൽ അങ്കണവാടികൾക്ക് സ്ഥലം വാങ്ങുന്നതിന് ഫണ്ട് വകയിരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് സർക്കാർ തലത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന് നിർദ്ദേശം നൽകുന്നതിന് സർക്കാരിൽ ശിപാർശ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കെട്ടിടം നിർമ്മിക്കുന്നതിനായി അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന അങ്കണവാടികൾക്ക് ഓരോ വർഷത്തെയും ബജറ്റ് വിഹിതത്തിൽ നിജപ്പെടുത്തി സർക്കാർ അനുമതിയ്ക്ക് വിധേയമായി കെട്ടിട നിർമ്മാണാനുമതി നൽകി വരുന്നുണ്ട്.

ശിപാർശ-5(ഖണ്ഡിക 14,15)

വളർന്നുവരുന്ന തലമുറ കണ്ടും കേട്ടും അറിഞ്ഞും പഠിക്കുന്നതിനായുള്ള സ്മാർട്ട് അങ്കണവാടികളിൽ പഠനമുറി, വിശ്രമമുറി, ഭക്ഷണമുറി, അടുക്കള, സ്റ്റോർ റൂം ഇൻഡോർ-ഔട്ട്ഡോർ പ്ലേ ഏരിയ, ഹാൾ, പൂന്തോട്ടം, പ്രീ-സ്കൂൾ ആക്ടിവിറ്റി മെറ്റീരിയൽസ്, സ്മാർട്ട് ടി. വി., മ്യൂസിക് സിസ്റ്റം, ന്യൂട്രി ഗാർഡൻ, സ്ലീപ്പിംഗ് ഏരിയ, കുട്ടികൾ വീണാൽ പരിക്ക് പറ്റാതിരിക്കുവാൻ ക്ലാസ് റൂമിനുള്ളിൽ സോഫ്റ്റ് മാറ്റ്, റീഡിംഗ് കോർണർ, ചുമർ ചിത്രങ്ങൾ, പാരന്റ്സ് വെയ്റ്റിംഗ് റൂം, കൗമാരപ്രായത്തിലുള്ള കുട്ടികൾക്ക് ലൈബ്രറി, കുട്ടികളുടെ ശാരീരികമായ വികാസത്തിനായി സ്കിപ്പിംഗ് റോപ്പ്, ചെസ് ബോർഡ്, കാരം ബോർഡ്, ഫിംഗർ പോപ്പറ്റ് തുടങ്ങിയ എല്ലാവിധ സൗകര്യങ്ങളും ഉൾപ്പെടുത്തിയാണ് പ്ലാൻ തയ്യാറാക്കിയിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു.

ആയതിനാൽ സ്മാർട്ട് അങ്കണവാടി പദ്ധതിയിൽ ഉൾപ്പെടാത്ത അങ്കണവാടികളെ കൂടി പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിനും പുതിയ അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും നിലവിലുള്ള അങ്കണവാടി കെട്ടിടങ്ങൾ സ്മാർട്ട് അങ്കണവാടി മാതൃകയിൽ പ്രവർത്തിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി
വനിതാശിശുവികസന (ബി) വകുപ്പ്

വകുപ്പിലെ 316 അങ്കണവാടികൾക്ക് ചായം പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരണാനുമതി നൽകിയിട്ടുണ്ട്. കെട്ടിടം നിർമ്മിക്കുന്നതിനായി അനുയോജ്യമായ

സ്ഥലം ലഭ്യമാകുന്ന അങ്കണവാടികൾക്ക് ഓരോ വർഷത്തെയും ബജറ്റ് വിഹിതത്തിൽ നിജപ്പെടുത്തി സർക്കാർ അനുമതിയ്ക്ക് വിധേയമായി വകുപ്പിന്റെ MGNREGS/സ്മാർട്ട് അങ്കണവാടി പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണാനുമതി നൽകി വരുന്നുണ്ട്. നിലവിലുള്ള 226 അങ്കണവാടികൾക്ക് 2022-23, 2023-24 വർഷങ്ങളിൽ നവീകരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. സ്മാർട്ട് അങ്കണവാടി കെട്ടിടനിർമ്മാണം

സ്മാർട്ട് അങ്കണവാടി പദ്ധതി പ്രകാരം നാളിതുവരെ 209 സ്മാർട്ട് അങ്കണവാടി കെട്ടിടങ്ങൾക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ട്. പ്രളയത്തിൽ തകർന്ന അങ്കണവാടികളുടെ പുനർനിർമ്മാണം പദ്ധതിയിൽ ഉൾപ്പെട്ട 9 അങ്കണവാടികളും റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെട്ട 29 അങ്കണവാടികളും ഇതിൽ ഉൾപ്പെടുന്നു. ഭരണാനുമതി നൽകിയ 209 അങ്കണവാടികളിൽ 20 എണ്ണം നിർമ്മാണം സാധ്യമല്ലാത്തതിനാൽ അവയെ പദ്ധതിയിൽ നിന്നും റദ്ദ് ചെയ്ത് ഉത്തരവായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

	അങ്കണവാടികളുടെ എണ്ണം	ഭരണാനുമതി തുക	വകുപ്പ് വിഹിതം	LSGD/MLA വിഹിതം
ആകെ ലഭ്യമായ ഭരണാനുമതി	209	62,92,92,556/-	33,66,94,518/-	20,95,66,286/-
പദ്ധതിയിൽ നിന്നും ഒഴിവാക്കിയവ	20	5,68,72,152/-	3,53,00,000/-	12,15,72,152/-
അവശേഷിക്കുന്നവ	189	57,24,20,404/-	30,13,94,518/-	18,79,94,134/-

പ്രസ്തുത 189 അങ്കണവാടികളിൽ നാളിതുവരെ 103 അങ്കണവാടികളുടെ കെട്ടിടനിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

MGNREGS

2023-24 സാമ്പത്തിക വർഷം MGNREGS പദ്ധതിയിൽ ഉൾപ്പെടുത്തി 140 അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി ലഭ്യമായിട്ടുണ്ട്. ടി പദ്ധതി പ്രകാരം അങ്കണവാടികൾക്ക് നിർമ്മാണാനുമതി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിച്ചു വരുന്നു.

സക്ഷം

6 വയസ്സിനു താഴെയുള്ള കുട്ടികളുടെ സർഗാത്മകവും, സാമൂഹികവും, വൈകാരികവും, വൈജ്ഞാനികവും, ബൗദ്ധികവുമായ വികസനം ഉത്തേജിപ്പിക്കുന്നതിനായി പോഷൺവാടികൾ ഉൾപ്പെടെ മെച്ചപ്പെട്ട പോഷകാഹാര വിതരണത്തിനായി അങ്കണവാടികൾ ശക്തിപ്പെടുത്തുന്നതിനും ഇന്റർനെറ്റ് വൈഫൈ കണക്ടിവിറ്റി, LED സ്ക്രീനുകൾ, വാട്ടർ പ്യൂരിഫയർ, ആർ ഒ മെഷീൻ ഇൻസ്റ്റലേഷൻ, സ്മാർട്ട് ലേണിംഗ് എയ്ഡുകൾ, ഓഡിയോ വിഷ്വൽ എയ്ഡുകൾ ശിശു സൗഹൃദ പഠനോപകരണങ്ങൾ എന്നിവയുൾപ്പെടെ മികച്ച അടിസ്ഥാന സൗകര്യങ്ങളോടു കൂടി അങ്കണവാടികൾ നവീകരിക്കുന്നതിനും കൂടുതൽ സേവനങ്ങൾ അങ്കണവാടികൾ മുഖേന ലഭ്യമാക്കുന്നതിനും 2022-23 സാമ്പത്തിക വർഷം സക്ഷം പദ്ധതി പ്രകാരം വയനാട് ജില്ലയിലെ 250 അങ്കണവാടികൾ നവീകരിക്കുന്നതിന് അനുമതി ലഭിക്കുകയും നവീകരണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

ചായം പദ്ധതി പ്രകാരം 2021-22, 2022-23 വർഷങ്ങളിൽ ആകെ 316 അങ്കണവാടികൾക്ക് നവീകരണാനുമതി നൽകിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം ഒരു ലക്ഷം രൂപ നിരക്കിൽ 100 അങ്കണവാടികൾക്കും ഒരു ലക്ഷം രൂപ മുതൽ 10 ലക്ഷം രൂപ നിരക്കിൽ 26 അങ്കണവാടികൾക്കും നവീകരണാനുമതി നൽകിയിട്ടുണ്ട്.

അങ്കണവാടി നവീകരണം

2023-24 സാമ്പത്തിക വർഷം 2 ലക്ഷം രൂപ നിരക്കിൽ 100 അങ്കണവാടികൾക്ക് നവീകരണാനുമതി നൽകിയിട്ടുണ്ട്.

ശിപാർശ-6 (ഖണ്ഡിക 16)

അങ്കണവാടികൾക്കായി നിരവധി പദ്ധതികൾ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ നടപ്പാക്കുന്നുണ്ട്. അങ്കണവാടികളിൽ കുടിവെള്ള സൗകര്യങ്ങൾ, അങ്കണവാടികളുടെ നിലവാരം മെച്ചപ്പെടുത്തൽ, അങ്കണവാടികളിൽ ശിശു സൗഹൃദ ടോയ്ലറ്റുകൾ തുടങ്ങിയ നിരവധി പദ്ധതികൾക്കായി ഫണ്ട് അനുവദിച്ചിട്ടുണ്ട്. അങ്കണവാടികൾ സംബന്ധിച്ച പ്രവർത്തനങ്ങളെല്ലാം ഒരു കുടക്കീഴിൽ കൊണ്ടുവരേണ്ടതാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ നിരവധി പദ്ധതികളിലായി ഉൾപ്പെട്ടുവരുന്നതും പ്രാവർത്തികമാകാത്തതുമായ പദ്ധതികളെല്ലാം ഏകോപിപ്പിച്ച് സംസ്ഥാനത്ത് നിലവിലുള്ള മുഴുവൻ അങ്കണവാടികൾക്കും പൊതുവായി പ്രയോജനപ്പെടുന്നതരത്തിൽ നടപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി
വനിതാശിശുവികസന (ബി) വകുപ്പ്

നിരവധി പദ്ധതികളിലായി ഉൾപ്പെട്ട് വരുന്നതും പ്രാവർത്തികമാകാത്തതുമായ പദ്ധതികളെല്ലാം ഏകോപിപ്പിച്ച് നടപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശിപാർശ-7 (ഖണ്ഡിക 17)

സംസ്ഥാനത്തെ എല്ലാ അങ്കണവാടികളിലും ശിശുസൗഹൃദ ടോയ്ലറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

സർക്കാർ സ്വീകരിച്ച നടപടി
വനിതാശിശുവികസന (ബി) വകുപ്പ്

സംസ്ഥാനത്തെ അങ്കണവാടികളിൽ 2022-23, 2023-24 എന്നീ സാമ്പത്തിക വർഷങ്ങളിലായി 400 അങ്കണവാടികൾക്ക് ബേബി ഫ്രണ്ട്ലി ടോയ്ലറ്റ് അനുവദിക്കുന്നതിനു സംസ്ഥാന സർക്കാർ തുക അനുവദിച്ചു നൽകിയിട്ടുണ്ട്. 2022-23 വർഷം അനുവദിച്ച 200 എണ്ണത്തിൽ 136 എണ്ണം പണി പൂർത്തിയാകുകയും ബാക്കി ഉള്ളവയുടെ പണി നടന്നുവരികയും ചെയ്യുന്നു. 2023-24 വർഷം അനുവദിച്ച 200 എണ്ണത്തിന്റെയും പണി പുരോഗമിക്കുന്നുണ്ട്. വനിത ശിശു വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 33115 അങ്കണവാടികളിൽ 32794 എണ്ണത്തിന് നിലവിൽ ടോയ്ലറ്റ് സംവിധാനം ലഭ്യമാണ്. തദ്ദേശ സ്വയംഭരണ വകുപ്പുമായി ചേർന്ന് ശിശു സൗഹൃദ ടോയ്ലറ്റുകൾ നിർമ്മിക്കുന്നതിനായി അങ്കണവാടി കേന്ദ്രങ്ങൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ട്. കൂടാതെ ഒരു അങ്കണവാടി സെന്ററിന് 12,000/- രൂപ വീതം അങ്കണവാടികൾക്ക് 60:40 നിരക്കിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ 2017-2018 മുതൽ 2019-20 വരെ ആകെ 1880 അങ്കണവാടികൾക്ക് ഫണ്ട് അനുവദിച്ചു നൽകിയിട്ടുണ്ട്.

സമിതി ആവശ്യപ്പെട്ട അധിക വിവരം

അങ്കണവാടികളിലെ ഇനിയും നിർമ്മാണം പൂർത്തിയാക്കുവാനുള്ള ബേബി ഫ്രണ്ട്ലി ടോയ്ലറ്റുകളുടെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നത് സംബന്ധിച്ച റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു.

സർക്കാർ സ്വീകരിച്ച നടപടി
വനിത ശിശുവികസന (ബി) വകുപ്പ്

2023-24 സാമ്പത്തിക വർഷം സംസ്ഥാന ഫണ്ട് (50000/-) ഉപയോഗിച്ചുള്ള ബേബി ഫ്രണ്ട്ലി ടോയ്ലറ്റ് അനുവദിച്ച 200 അങ്കണവാടികളിൽ 154 എണ്ണത്തിന്റെ പണി പൂർത്തിയായി. 5 എണ്ണത്തിന്റെ പണി തുടങ്ങിയിട്ടുണ്ട്. ബാക്കി 41 എണ്ണത്തിന്റെ പണി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഈ സാമ്പത്തിക വർഷം തന്നെ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

2024-25 സാമ്പത്തിക വർഷം കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം 10 അങ്കണവാടികളിൽ ടോയ്ലറ്റ് നിർമ്മാണത്തിന് ഒരു അങ്കണവാടിക്ക് 36,000/- രൂപ നിരക്കിൽ തുക അനുവദിച്ചിരുന്നു. ആയതിൽ ഒരു അങ്കണവാടിയിൽ ടോയ്ലറ്റ്

നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ളവ അടിയന്തരമായി നിർമ്മാണം പൂർത്തിയാക്കുന്നതിന് കീഴ് കാര്യാലയങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശിപാർശ – 8 (ഖണ്ഡിക–18)

വിഭിന്ന ശേഷിയുള്ള കുട്ടികൾക്ക് ഐ.സി.ഡി.എസ്. പദ്ധതി മുഖേന പരിരക്ഷ നൽകുന്നതിനായി മെച്ചപ്പെട്ട ഭൗതിക സാഹചര്യം ഉള്ളതും വിഭിന്നശേഷിയുള്ള കുട്ടികൾക്ക് എത്തിച്ചേരാൻ യാത്രാ സൗകര്യമുള്ളതുമായ അങ്കണവാടികളെ തെരഞ്ഞെടുത്ത് സവിശേഷ അങ്കണവാടികൾ ആക്കി മാറ്റുന്നതിനും പ്രസ്തുത അങ്കണവാടികളിലെ വർക്കർമാർക്ക് പ്രത്യേക പരിശീലനം നൽകുന്നതിനും കുട്ടികളിലെ മാനസിക ആരോഗ്യപരിരക്ഷ സംബന്ധിച്ച് മാതാപിതാക്കൾക്ക് വിദഗ്ധർ കൗൺസിലിംഗ് നൽകുന്നതിനും പ്രസ്തുത അങ്കണവാടികളിൽ തദ്ദേശസ്വയംഭരണ സ്ഥാപനം മുഖേന സ്പെഷ്യൽ എഡ്യൂക്കേറ്ററിന്റെ സേവനം ലഭ്യമാക്കിക്കൊണ്ട് സ്പെഷ്യൽ അങ്കണവാടി പദ്ധതി നടപ്പിലാക്കുന്നത് അഭിനന്ദനാർഹമാണ്. ആയതിനാൽ സ്പെഷ്യൽ അങ്കണവാടി പദ്ധതി എല്ലാ ജില്ലകളിലും ആരംഭിക്കുന്നതിനും ഭരണാനുമതി ലഭിച്ചവ താമസംവിനാ പൂർത്തീകരിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

വനിത ശിശുവികസന (ബി) വകുപ്പ്

സംസ്ഥാനത്തെ 14 ജില്ലകളിലും തെരഞ്ഞെടുക്കപ്പെട്ട അങ്കണവാടികളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനം മുഖേന വിഭിന്ന ശേഷിയുള്ള കുട്ടികൾക്ക് ഐ സി ഡി എസ് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രത്യേക പരിരക്ഷ നൽകുന്നതിനും, മെച്ചപ്പെട്ട ഭൗതിക സാഹചര്യമുള്ളതും വിഭിന്ന ശേഷിയുള്ള കുട്ടികൾക്ക് എത്തിച്ചേരാൻ യാത്രാ സൗകര്യമുള്ളതുമായ അങ്കണവാടികളെ തെരഞ്ഞെടുത്ത് സ്പെഷ്യൽ അങ്കണവാടികളാക്കി മാറ്റുന്നതിനും പ്രസ്തുത അങ്കണവാടികളിലെ വർക്കർമാർക്ക് പ്രത്യേക പരിശീലനവും കുട്ടികളുടെ മാനസിക ആരോഗ്യ പരിരക്ഷ സംബന്ധിച്ച് മാതാപിതാക്കൾക്ക് വിദഗ്ധർ മുഖേന കൗൺസിലിംഗ് സ്പെഷ്യൽ എഡ്യൂക്കേറ്ററിന്റെ സേവനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് സ്പെഷ്യൽ അങ്കണവാടി പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്.

2021–22 സാമ്പത്തിക വർഷത്തിൽ സ്പെഷ്യൽ അങ്കണവാടികൾക്ക് ഭൗതികസാഹചര്യം ഒരുക്കുന്നതിനായി ശിശു വികസന പദ്ധതി ഓഫീസർമാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ 84 അങ്കണവാടികൾക്ക് 2 ലക്ഷം രൂപ നിരക്കിൽ തുക അനുവദിക്കുകയും അതിൽ 53 അങ്കണവാടികൾ 2021–22 സാമ്പത്തിക വർഷത്തിലും 26 അങ്കണവാടികൾ 2022–23 സാമ്പത്തിക വർഷത്തിലും 5 അങ്കണവാടികൾ 2023–24 സാമ്പത്തിക വർഷത്തിലുമായി പൂർത്തീകരിച്ചിട്ടുണ്ട്.

കോഴിക്കോട് ജില്ലയിൽ, മേൽപ്പറഞ്ഞ പദ്ധതിയിൽ ഉൾപ്പെടുത്തി 18 അങ്കണവാടികൾ കൂടാതെ കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന പണി പൂർത്തിയാക്കിയ 25 സ്പെഷ്യൽ അങ്കണവാടികളും പ്രവർത്തിച്ചു വരുന്നുണ്ട്.

ശിപാർശ – 9 (ഖണ്ഡിക–19)

അങ്കണവാടി പ്രവർത്തകരുടെ നിയമനങ്ങൾ നടക്കുന്നത് കാലാകാലങ്ങളിൽ കേന്ദ്ര സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളുടെയും ഐ.സി.ഡി.എസ്. മാന്വലിന്റെയും സംസ്ഥാനസർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെയും മാർഗ്ഗനിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിലാണ്. എസ്.എസ്.എൽ.സി. ജയിച്ചതും 18–നും 46–നുമിടയിൽ പ്രായമുള്ളവരുമായ തദ്ദേശീയരായ വനിതകളെയാണ് അങ്കണവാടി വർക്കർമാരായി നിയമിക്കുന്നത്. എഴുത്തും വായനയും അറിയാവുന്നവരും 18–നും 46–നുമിടയിൽ പ്രായമുള്ളവരുമായ വനിതകളെയാണ് അങ്കണവാടി ഹെൽപ്പർ ആയി നിയമിക്കുന്നത്. 62 വയസ്സ് ആണ് ഇവരുടെ വിരമിക്കൽ പ്രായം. കേന്ദ്ര ഇ.സി.സി.ഇ. നയത്തിന്റെ അടിസ്ഥാനത്തിൽ ഇ.സി.സി.ഇ. കരിക്കുലം കമ്മിറ്റി തയ്യാറാക്കിയ തീമുകളെ ആധാരമാക്കി സംസ്ഥാനത്തെ 33115 അങ്കണവാടി വർക്കർമാർക്കുള്ള ഇ.സി.സി.ഇ. പരിശീലനം നൽകുന്നുണ്ട്. പുതുതായി അങ്കണവാടി ഹെൽപ്പർമാരായും വർക്കർമാരായും പ്രവേശിക്കുന്നവർക്കായി കേന്ദ്ര സർക്കാർ നൽകിവന്നിരുന്ന ജോബ് ട്രെയിനിംഗ് നിർത്തലാക്കുകയും പകരം സംസ്ഥാന സർക്കാർ നടത്തുന്ന റിഫ്രഷർ ട്രെയിനിംഗ് (സർവ്വീസിൽ പ്രവേശിച്ച് 2 വർഷം തികഞ്ഞവർക്ക് നൽകുന്ന 7 ദിവസത്തെ ട്രെയിനിംഗ്, ട്രെയിനിംഗ് പൂർത്തിയായ ശേഷം വീണ്ടും രണ്ട് വർഷം കഴിഞ്ഞുള്ള ട്രെയിനിംഗ്) ആണ് നിലവിൽ അങ്കണവാടി ഹെൽപ്പർമാർക്കും വർക്കർമാർക്കും നൽകിവരുന്നത്. ആയതിനാൽ അങ്കണവാടി പ്രവർത്തകർക്ക് നൽകുന്ന വിവിധ പരിശീലന പരിപാടികൾ ഏകോപിപ്പിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

വനിത ശിശുവികസന (ബി) വകുപ്പ്

സംസ്ഥാന സർക്കാർ നിലവിൽ നൽകി വരുന്ന റിഫ്രഷർ ട്രെയിനിംഗുകൾ പുതുതായി സർവീസിൽ പ്രവേശിക്കുന്നവർക്ക് നൽകുന്നതല്ല. ജോബ് ട്രെയിനിംഗ് ലഭ്യമായവർക്ക് മാത്രമാണ് റിഫ്രഷർ ട്രെയിനിംഗ് നൽകി വരുന്നത്.

സമിതി ആവശ്യപ്പെട്ട അധികവിവരം

പുതുതായി സർവ്വീസിൽ പ്രവേശിക്കുന്ന അങ്കണവാടി പ്രവർത്തകർക്ക് കൂടി റിഫ്രഷർ ട്രെയിനിംഗ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്തു.

സർക്കാർ സ്വീകരിച്ച നടപടി
വനിത ശിശുവികസന (ബി) വകുപ്പ്

പുതുതായി സർവ്വീസിൽ പ്രവേശിക്കുന്ന അങ്കണവാടി പ്രവർത്തകർക്ക് റിഫ്രഷർ ട്രെയിനിംഗ് നൽകി വരുന്നുണ്ട്.

ശിപാർശ – 11 (ഖണ്ഡിക–21)

കേന്ദ്ര–സംസ്ഥാന സർക്കാരുകൾ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെയും സർക്കുലറുകളുടെയും അടിസ്ഥാനത്തിലാണ് അങ്കണവാടി പ്രവർത്തകർക്ക് ഓണറേറിയം അനുവദിക്കുന്നത്. നിലവിൽ മെയിൻ അങ്കണവാടി വർക്കർമാർക്ക് ₹12,000, മിനി അങ്കണവാടി വർക്കർമാർക്ക് ₹11,000 അങ്കണവാടി ഹെൽപ്പർമാർക്ക് ₹8,000 എന്ന നിരക്കിലാണ് പ്രതിമാസ ഓണറേറിയം നൽകിവരുന്നത്. കേന്ദ്ര–സംസ്ഥാന സർക്കാരുകൾ 60:40 എന്ന അനുപാത ത്തിലാണ് ഓണറേറിയം നൽകുന്നത്. അങ്കണവാടികളിൽ ആനന്ദകരമായ വിദ്യാഭ്യാസത്തോടൊപ്പം ആരോഗ്യപൂർണ്ണമായ ബാല്യം പ്രധാനം ചെയ്യുക തുടങ്ങി കുട്ടികൾക്കുവേണ്ടിയുള്ള വിവിധ പ്രവർത്തനങ്ങളിലും സാധാരണ ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിലും അങ്കണവാടി ജീവനക്കാർ വഹിക്കുന്ന പങ്ക് എടുത്തു പറയേണ്ടതാണ്. സാധാരണ ജനങ്ങളിലേക്ക് എത്തേണ്ട സർക്കാർ സഹായങ്ങൾ/സേവനങ്ങൾ താഴേത്തട്ടിലേയ്ക്ക് എത്തിക്കുന്നതിന് വളരെ നിർണായകമായ പങ്ക് വഹിക്കുന്നവരാണ് അങ്കണവാടി ജീവനക്കാർ. അവർ ചെയ്യുന്ന സേവനവുമായി തട്ടിച്ചുനോക്കുമ്പോൾ അവർക്ക് ലഭിക്കുന്ന പ്രതിമാസ ഓണറേറിയം തുലോം കുറവാണെന്ന് സമിതി കരുതുന്നു. ആയതിനാൽ അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനായി അവർക്ക് നൽകി വരുന്ന പ്രതിമാസ ഓണറേറിയം കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി
വനിത ശിശുവികസന (ബി) വകുപ്പ്

2019 വർഷത്തിലെ ഓണറേറിയം വർദ്ധനവിനനുസരിച്ച് അങ്കണവാടി വർക്കർമാർക്ക് 12000/– രൂപയും, മിനി അങ്കണവാടി വർക്കർമാർക്ക് 11000/– രൂപയും ഹെൽപ്പർമാർക്ക് 8000/– രൂപയും ഓണറേറിയം ഇന്നത്തിൽ നിലവിൽ നൽകി വരുന്നു.

സ.ഉ(സാധാ)നം. 52/2024/WCDD തീയതി 05/02/2024 ഉത്തരവ് പ്രകാരം, സേവനകാലയളവ് പരിഗണിച്ച് പത്ത് വർഷത്തിൽ താഴെ സേവനകാലയളവുള്ള അങ്കണവാടി വർക്കർക്കും ഹെൽപ്പർക്കും 500/– രൂപയും, പത്ത് വർഷത്തിലധികം

സേവനകാലയളവുള്ള അങ്കണവാടി വർക്കർക്കും ഹെൽപ്പർക്കും 1000/- രൂപയും വീതം ഓണറേറിയം വർദ്ധനവ്, 01/12/2023 പ്രാബല്യത്തിൽ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

ധനകാര്യ (വനിത ശിശുവികസനം) വകുപ്പ്

സ.ഉ.(സാധാ)നം.52/2024/ഡബ്ല്യു.സി.ഡി.ഡി തീയതി 05/02/2024 പ്രകാരം സംസ്ഥാനത്തെ സംയോജിത ശിശുവികസന സേവന പദ്ധതിക്ക് കീഴിലുള്ള അംഗൻവാടികളിൽ 10 വർഷത്തിൽ താഴെ സേവനകാലയളവുള്ള വർക്കർമാർക്കും ഹെൽപ്പർമാർക്കും 500 രൂപയും 10 വർഷത്തിൽ അധികം സേവനകാലയളവുള്ള വർക്കർമാർക്കും ഹെൽപ്പർമാർക്കും 1000 രൂപ വീതവും 01/12/2023 പ്രാബല്യത്തിൽ ഓണറേറിയം വർദ്ധനവ് അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

ശിപാർശ - 12 (ഖണ്ഡിക-23)

മെറ്റേർണിറ്റി ബെനിഫിറ്റ് ആക്ട് പ്രകാരം അൻപതോ അതിൽ കൂടുതലോ ജീവനക്കാർ ജോലി ചെയ്യുന്ന തൊഴിലിടങ്ങളിൽ ക്രഷ് ആരംഭിക്കേണ്ടതുണ്ട്. ആയതിനാൽ നാഷണൽ ക്രഷ് സ്കീം പ്രകാരം പ്രവർത്തിച്ചിരുന്നതിൽ നിലവിൽ പ്രവർത്തനരഹിതമായ ക്രഷുകളെ ഇത്തരം സ്ഥാപനങ്ങളിലേക്ക് മാറ്റി പ്രവർത്തിപ്പിക്കുവാൻ തീരുമാനിക്കുകയും 25 ക്രഷുകളെ റീഷിഫ്റ്റ് ചെയ്യുന്നതിന് ഭരണാനുമതി ലഭ്യമാക്കുകയും ആയതിലേയ്ക്കായി 2 ലക്ഷം രൂപ വീതം നൽകി 17 എണ്ണം പ്രവർത്തനമാരംഭിക്കുകയും ചെയ്തിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. റീഷിഫ്റ്റ് ചെയ്തതും ഭരണാനുമതി ലഭിച്ചതുമായ അവശേഷിക്കുന്ന ക്രഷുകൾ കൂടി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള ഫണ്ട് അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

വനിത ശിശുവികസന (സി) വകുപ്പ്

Maternity Benefit Act ന്റെ അന്തസത്ത ഉൾക്കൊണ്ട് കൊണ്ടും തൊഴിലിടങ്ങൾ വനിതാ-ശിശു സൗഹൃദമാക്കുക, സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ മുൻനിർത്തിക്കൊണ്ടും കേരള സർക്കാരിന്റെ കീഴിലുള്ള വിവിധ വകുപ്പുകൾ പ്രവർത്തിക്കുന്നതും അമ്പതിലധികം ജീവനക്കാർ ജോലി ചെയ്യുന്നതുമായ ഓഫീസ് സമുച്ചയങ്ങളിൽ ക്രഷ് സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ട ആവശ്യകത കണക്കിലെടുത്ത കേന്ദ്രാവിഷ്കൃത പദ്ധതിയായ പൽന സ്കീമിൽ (മുൻപ് നാഷണൽ ക്രഷ് സ്കീം) ഉൾപ്പെട്ട പ്രവർത്തന രഹിതമായ 25 ക്രഷുകളെ റീ ഷിഫ്റ്റ് ചെയ്ത പ്രവർത്തനം ആരംഭിക്കുന്നതിനു ക്രഷ് ഒന്നിന് 2 ലക്ഷം രൂപ നിരക്കിൽ ആകെ 50 ലക്ഷം രൂപ 2235-02-103-68-03 (P) ശീർഷകത്തിൽ നിന്നും അനുവദിച്ചു നൽകിയിട്ടുണ്ട്. നാളിതുവരെ 24 ക്രഷുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ബാക്കിയുള്ള ഒരു ക്രഷിന്റെ പ്രവർത്തനം ഉടൻ തന്നെ ആരംഭിക്കുന്നതാണ്.

ശിപാർശ – 13 (ഖണ്ഡിക–24)

കേരളത്തിലെ നിർമ്മാണ മേഖലയിലും മറ്റ് തൊഴിൽ മേഖലകളിലും ജോലി ചെയ്യുന്ന അന്യസംസ്ഥാന തൊഴിലാളികൾ പകൽ നേരത്ത് തൊഴിലിൽ ഏർപ്പെടുന്ന സമയത്ത് അവരുടെ കുഞ്ഞുങ്ങളെ സുരക്ഷിതമായി പരിചരിക്കുക എന്ന ലക്ഷ്യത്തോടെ 2017–18 വർഷം എറണാകുളം ജില്ലയിൽ ആരംഭിച്ച പദ്ധതിയാണ് 'മൊബൈൽ ക്രഷ്' പദ്ധതി. തുടർന്ന് തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, കണ്ണൂർ, കോഴിക്കോട് എന്നീ 9 ജില്ലകളിൽ കൂടി പദ്ധതി വ്യാപിപ്പിച്ചിരുന്നു. എന്നാൽ കോവിഡ് സാഹചര്യത്തിൽ പദ്ധതി നിർത്തലാക്കിയിരുന്നു. എന്നാൽ നടപ്പു വർഷം (2022–23) എറണാകുളത്ത് പദ്ധതി പുനരാരംഭിക്കുന്നതിനും കുഞ്ഞുങ്ങളുടെ പരിപാലനം, ശുചിത്വം, മാനസികോല്ലാസം, പ്രീ–സ്കൂൾ പ്രവർത്തനങ്ങൾ, മോണിറ്ററിംഗ് മുതലായവയ്ക്കായി മെച്ചപ്പെട്ട സാധന സാമഗ്രികൾ വാങ്ങുന്നതിനും ക്രഷ് ഒന്നിന് 2 ലക്ഷം രൂപ വീതം വകുപ്പ് അനുവദിക്കുന്നുണ്ട്. അതിഥി തൊഴിലാളികളുടെ കുട്ടികളെ കൂടാതെ നിർമ്മാണ മേഖലയിലും മറ്റ് അസംഘടിത തൊഴിൽ മേഖലകളിലും ജോലി ചെയ്യുന്ന തദ്ദേശീയരുടെ കുട്ടികളെ കൂടി ഉൾപ്പെടുത്തി പദ്ധതിയുടെ ഗുണം കൂടുതൽ പേരിലേയ്ക്ക് എത്തിക്കാൻ ഉദ്ദേശിക്കുന്നു. കോവിഡ് പശ്ചാത്തലത്തിൽ നിർത്തിവെയ്ക്കപ്പെട്ട മൊബൈൽ ക്രഷ് കേരളത്തിലെ എല്ലാ ജില്ലകളിലും ആരംഭിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് ഫണ്ട് അനുവദിച്ചതെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രസ്തുത തുക ഉപയോഗിച്ച് മൊബൈൽ ക്രഷ് പദ്ധതിയുടെ പ്രവർത്തനം വിപുലീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി
വനിത ശിശുവികസന (സി) വകുപ്പ്

കേരളത്തിലെ നിർമ്മാണ മേഖലയിലും മറ്റ് തൊഴിൽ മേഖലകളിലും ഉള്ള പ്രവർത്തനങ്ങൾക്കായി എത്തിയിട്ടുള്ള അതിഥി തൊഴിലാളികൾ പകൽ സമയങ്ങളിൽ തൊഴിലിൽ ഏർപ്പെടുന്ന സമയത്ത് അവരുടെ കുഞ്ഞുങ്ങളെ സുരക്ഷിതമായി പരിചരിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കി വന്നിരുന്ന മൊബൈൽ ക്രഷ് പദ്ധതി കോവിഡ്–19 നിയന്ത്രണങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നിലനിന്നിരുന്ന പ്രത്യേക സാഹചര്യം കണക്കിലെടുത്ത് നിർത്തലാക്കിയിരുന്നു. കോവിഡ്–19 നിയന്ത്രണങ്ങളിൽ വളരെയധികം ഇളവുകൾ നൽകിയതിനെ തുടർന്ന് അതിഥി തൊഴിലാളികൾ കൂടുതൽ ഉള്ളതും മൊബൈൽ ക്രഷുകളിൽ കൂടുതൽ ഗുണഭോക്താക്കൾ ഉണ്ടായിരുന്നതുമായ എറണാകുളം ജില്ലയിൽ ടി പദ്ധതി പുനരാരംഭിക്കുന്നതിനു സർക്കാർ അനുമതി നൽകുകയും കൊച്ചി അർബൻ – 2 ICDS പ്രോജക്ട് പരിധിയിൽ ക്രഷ് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

ശിപാർശ 14 (ഖണ്ഡിക 25, 26)

അങ്കണവാടികളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന അഡോളസെന്റ് ക്ലബ്ബുകളെ "വർണ്ണക്കൂട്ട്" എന്ന് പുനർനാമകരണം ചെയ്യുകയും കൗമാരക്കാരായ കുട്ടികളുടെ ശാക്തീകരണവും, ശാരീരികവും മാനസികവുമായ ഉന്നമനവും ലക്ഷ്യമിട്ട് വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. ആയതിനായി മുഴുവൻ അങ്കണവാടികൾക്കും 1000 രൂപയുടെ സ്പോർട്സ്/ ഗെയിം കിറ്റ് അനുവദിക്കുകയും 'വർണ്ണക്കൂട്ടി'ലെ കുട്ടികൾക്ക് പ്രയോജനപ്രദമാകുന്നതും കാലിക പ്രാധാന്യ മുള്ളതുമായ വിവിധ വിഷയങ്ങൾ തെരഞ്ഞെടുത്ത ബോധവൽക്കരണ ക്ലാസുകൾ നൽകുകയും സെക്ടർ തലത്തിൽ തെരഞ്ഞെടുക്കുന്ന അങ്കണവാടികൾക്ക് വൈഫൈ കണക്ഷൻ നൽകുകയും ചെയ്തിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു.

കൗമാരക്കാരായ കൂടുതൽ കുട്ടികളെ 'വർണ്ണക്കൂട്ട്' പദ്ധതിയുടെ ഭാഗമാക്കുന്നതിനും അവരെ കൂടുതൽ ആകർഷിക്കുന്നതിനും കഴിയുന്ന രീതിയിൽ പദ്ധതിയുടെ പ്രവർത്തനങ്ങൾ വകുപ്പ് ക്രമീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി
വനിതാ ശിശുവികസന (ബി) വകുപ്പ്

സംസ്ഥാനത്ത് അങ്കണവാടികളോടനുബന്ധിച്ചു പ്രവർത്തിക്കുന്ന 33,115 'വർണ്ണക്കൂട്ട്'കൾ മുഖേന, കൗമാരപ്രായക്കാരായ കുട്ടികളുടെ ശാക്തീകരണവും, ശാരീരികവും മാനസികവുമായ ഉന്നമനവും ലക്ഷ്യമിട്ട് വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി 2021-22 സാമ്പത്തിക വർഷം സംസ്ഥാനത്തെ മുഴുവൻ അങ്കണവാടികൾക്കും 1000/- രൂപയുടെ സ്പോർട്സ്/ ഗെയിം കിറ്റ് അനുവദിച്ചിട്ടുണ്ട്. കൂടാതെ 'വർണ്ണക്കൂട്ടിലെ' കുട്ടികൾക്ക് പ്രയോജന പ്രദമാകുന്നതും കാലിക പ്രാധാന്യമുള്ളതുമായ വിവിധ വിഷയങ്ങൾ തെരഞ്ഞെടുത്ത ബോധവൽക്കരണ ക്ലാസുകൾ 2021-22, 2022-23 വർഷങ്ങളിൽ നൽകിയിട്ടുണ്ട്. ഇവ കൂടാതെ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന കുടുംബങ്ങളിലെ കൗമാരക്കാർക്ക് പഠനാവശ്യത്തിനു ഉപയോഗപ്രദമാക്കുന്നതിലേയ്ക്ക് 2022-23 വർഷം സംസ്ഥാനത്ത് സെക്ടർ തലത്തിൽ തെരഞ്ഞെടുക്കുന്ന അങ്കണവാടികൾക്കു വൈഫൈ കണക്ഷൻ നൽകുന്നതിനു 30,75,000/- രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ വർണ്ണക്കൂട്ടുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി നടപ്പു വർഷം പ്രോജക്ട് തലത്തിലും, ജില്ലാ തലത്തിലും തെരഞ്ഞെടുക്കുന്ന മികച്ച വർണ്ണക്കൂട്ടുകൾക്ക് യഥാക്രമം 1250/- രൂപ, 5000/- രൂപ എന്നിങ്ങനെ അവാർഡ് നൽകുവാനും സർക്കാർ അനുമതിയുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷവും ഈ രീതിയിൽ അവാർഡ് നൽകിയിട്ടുണ്ട്.

ശിപാർശ 15 (ഖണ്ഡിക 27)

കൗമാരക്കാരുടെ ഇടയിൽ വർദ്ധിച്ചുവരുന്ന ലഹരി മരുന്നുപയോഗത്തിനെതിരെ ക്യാമ്പയിനുകൾ സംഘടിപ്പിക്കുന്നതിന് 'വർണ്ണക്കൂട്ട്' പദ്ധതി മുഖേന ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തണമെന്നും ലഹരിമരുന്നിന്റെ ദോഷവശങ്ങളെക്കുറിച്ച് യുവജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി
വനിതാ ശിശുവികസന (ബി) വകുപ്പ്

2022-23 സാമ്പത്തിക വർഷം വകുപ്പ് മുഖേന ക്ലബിലെ വർണ്ണക്കൂട്ടിലെ അംഗങ്ങൾക്കായി ത്രൈമാസ ക്രമത്തിൽ ഓരോ അങ്കണവാടിയിലും നാല് ക്വാർട്ടറുകളിലായി 4 അവബോധ ക്ലാസ്സുകൾ സംഘടിപ്പിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 2022 ജൂലായ് മാസം 31 വരെ ആദ്യ ക്വാർട്ടറിൽ 'മോചന' എന്ന പേരിൽ 'ലഹരി വിരുദ്ധ കൗമാരം' എന്ന വിഷയത്തിൽ 'വർണ്ണക്കൂട്ട്' അംഗങ്ങൾക്ക് ബോധവൽക്കരണ ക്ലാസ്സുകളും അവയ്ക്കു വേണ്ട തുടർ പ്രവർത്തനങ്ങളും സംഘടിപ്പിച്ചിരുന്നു. എന്താണ് ലഹരി പദാർത്ഥങ്ങൾ, അവയുടെ ഉപയോഗത്തിന്റെ ദൃഷ്യവശങ്ങൾ, നിയമങ്ങൾ, ശിക്ഷാനടപടികൾ, പരാതിപ്പെടേണ്ട വിധം, ലഹരിക്കടിമപ്പെട്ടവരെ രക്ഷിക്കുന്നതിനുള്ള മാർഗ്ഗം എന്നിവ ബോധവൽക്കരണ ക്ലാസിൽ ഉൾപ്പെടുത്തിയിരുന്നു.

ശിപാർശ 16 (ഖണ്ഡിക 29)

ശിശുമരണനിരക്ക്, ഗർഭിണികളിലെ പോഷകാഹാരകുറവ് എന്നിവ കുറയ്ക്കുന്നതിനായി 196 ആദിവാസി ഊരുകളിലായാണ് പദ്ധതി അനുവദിച്ചതെങ്കിലും പിന്നീട് അത് 150 100 ഊരുകളായി ലോപിച്ചുവെന്നും ഫണ്ടിന്റെ അപര്യാപ്തതമൂലം നിലവിൽ നൂറിൽ താഴെ ഊരുകളിൽ മാത്രമേ പ്രസ്തുത പദ്ധതി പ്രകാരം ഭക്ഷണം നൽകാൻ സാധിക്കുകയുള്ളൂവെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ അട്ടപ്പാടി മേഖലയിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി ആരംഭിച്ച കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി അട്ടപ്പാടി മേഖലയിലെ എല്ലാ ആദിവാസി ഊരുകളിലും നടപ്പിലാക്കണമെന്നും ആയതിനായി ആവശ്യമായ ഫണ്ട് അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി
വനിതാ ശിശുവികസന (ബി) വകുപ്പ്

നിലവിൽ കമ്മ്യൂണിറ്റി കിച്ചൺ ഉള്ള ഊരുകൾക്ക് പുറമെ കൂടുതൽ ഊരുകളിൽ പദ്ധതി നടപ്പിലാക്കുന്നതിനായി പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം.) വകുപ്പ്

പാലക്കാട് ജില്ലയിലുള്ള അട്ടപ്പാടി ബ്ലോക്കിൽ അഗളി, ഷോളയാർ, പുതൂർ എന്നീ മൂന്ന് പഞ്ചായത്തുകളിലെ 192 ആദിവാസി ഊരുകൾ കേന്ദ്രീകരിച്ച് 2013 മുതൽ കമ്മ്യൂണിറ്റി കിച്ചണുകൾ നടന്നുവരുന്നു. 2013 ൽ ഉണ്ടായ ശിശുമരണത്തിന്റെ പശ്ചാത്തലത്തിൽ പോഷകാഹാര ലഭ്യത ഉറപ്പാക്കുക എന്ന ഉദ്ദേശ്യത്തോടു കൂടി ആരംഭിച്ച കമ്മ്യൂണിറ്റി കിച്ചണുകൾ 2014 ഡിസംബർ മുതൽ കുടുംബശ്രീ വഴിയാണ് നടപ്പിലാക്കി വരുന്നത്.

അട്ടപ്പാടിയിലെ ആകെയുള്ള 192 ഊരുകളിലാണ് കമ്മ്യൂണിറ്റി കിച്ചൻ നടപ്പിലാക്കുന്നത്. ഇതിൽ ചില ഊരുകളിൽ കൂടുതൽ ഗുണഭോക്താക്കൾ ഉള്ളതിനാൽ രണ്ട് സെന്ററുകളിലായി കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തിക്കുന്നുണ്ട്. ചില ഊരുകളിൽ ഗുണഭോക്താക്കളുടെ എണ്ണം കുറവായതിനാൽ അടുത്തുള്ള ഊരുകൾ സംയോജിപ്പിച്ചും കമ്മ്യൂണിറ്റി കിച്ചൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. നിലവിൽ 182 കമ്മ്യൂണിറ്റി കിച്ചണുകൾ പ്രവർത്തിക്കുന്നുണ്ട്.

പട്ടികവർഗ്ഗ വികസനവകുപ്പും വനിതാശിശുക്ഷേമ വകുപ്പുമാണ് കമ്മ്യൂണിറ്റി കിച്ചൻ നടത്തിപ്പിനുവേണ്ട ഫണ്ട് നൽകുന്നത്. 19.07.2023 ലെ സാ.നീ.വ ഉത്തരവ് പ്രകാരം 60:40 അനുപാതത്തിൽ വനിതാ ശിശുക്ഷേമ വകുപ്പും പട്ടികവർഗ്ഗ വികസന വകുപ്പും ചേർന്നാണ് ചെലവ് വഹിക്കുന്നത്.

ശിപാർശ 17 (ഖണ്ഡിക 30)

കമ്മ്യൂണിറ്റി കിച്ചൺ പദ്ധതിയ്ക്കായി ഒരാൾക്ക് ദിവസം 20 രൂപാ നിരക്കിലാണ് ഫണ്ട് അനുവദിക്കുന്നത്. പ്രസ്തുത തുക കാലോചിതമായി ഉയർത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി
വനിതാ ശിശുവികസന (ബി) വകുപ്പ്

കമ്മ്യൂണിറ്റി കിച്ചൺ പദ്ധതിയ്ക്കായി ഒരാൾക്ക് ഒരു ദിവസം അനുവദിച്ചിട്ടുള്ള 20 രൂപ കാലോചിതമായി ഉയർത്തുന്നതിന് സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

ശിപാർശ 18 (ഖണ്ഡിക 31)

വനിതാ ശിശു വികസനം, പട്ടികവർഗ്ഗ വികസനം എന്നീ വകുപ്പുകൾ മുഖേനയാണ് കമ്മ്യൂണിറ്റി കിച്ചൺ പദ്ധതിയ്ക്കായി ഫണ്ട് അനുവദിക്കുന്നത്. എന്നാൽ കൃത്യമായ ഫണ്ട് അനുവദിക്കാത്തതിനാൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് കുടുംബശ്രീ പ്രവർത്തകർക്ക് സാമ്പത്തിക ബാധ്യതമൂലം മുന്നോട്ടുപോകാൻ കഴിയാത്ത അവസ്ഥ സംജാതമായതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ നാളിതുവരെ കമ്മ്യൂണിറ്റി കിച്ചൺ പദ്ധതിയ്ക്കായി കുടുംബശ്രീ മിഷൻ ചെലവഴിച്ച മുഴുവൻ തുകയും നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി
വനിതാ ശിശുവികസന (ബി) വകുപ്പ്

2019-20, 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ പദ്ധതിയ്ക്കായി കുടുംബശ്രീയ്ക്ക് അനുവദിക്കുന്നതിനുള്ള മുഴുവൻ തുകയും അനുവദിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തെ ചെലവിനത്തിൽ കുടുംബശ്രീയ്ക്ക് ആദ്യ ഗഡുവായി 2.80 കോടി രൂപ അനുവദിക്കുകയുണ്ടായി. 2022-23 ലെ അവസാനഗഡു തുകയായ 1.25 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തെ അവസാന ഗഡു തുക കുടുംബശ്രീയിൽ നിന്നുള്ള reconciliation statement ലഭിക്കുന്ന മുറയ്ക്ക് അനുവദിക്കുന്നതാണ്.

ശിപാർശ 19 (ഖണ്ഡിക 32)

കമ്മ്യൂണിറ്റി കിച്ചണിനായി ഭക്ഷണം പാകം ചെയ്യുന്നത് ഷെഡ്ഡുകളിലാണ് കമ്മ്യൂണിറ്റി കിച്ചണിന്റെ ആവശ്യത്തിനായുള്ള സാധന സാമഗ്രികൾ സൂക്ഷിക്കുന്നതിന് അടച്ചുറപ്പുള്ള കെട്ടിടം ഇല്ലാത്ത സ്ഥിതിയാണ് നിലവിലുള്ളത്. ആയതിനാൽ കമ്മ്യൂണിറ്റി കിച്ചൺ പദ്ധതിയ്ക്കായി ഭക്ഷണം പാകം ചെയ്യുന്നതിനും സാധനങ്ങൾ സൂക്ഷിക്കുന്നതിനുമായി പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചുനൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി
വനിതാ ശിശുവികസന (ബി) വകുപ്പ്

അട്ടപ്പാടിയിൽ നടപ്പിലാക്കി വരുന്ന കമ്മ്യൂണിറ്റി കിച്ചൺ പദ്ധതിയ്ക്കായി കുടുംബശ്രീയ്ക്ക് പാചകത്തിന് വേണ്ടി വരുന്ന ദൈനംദിന ചെലവുകൾക്കുള്ള തുകയാണ് വകുപ്പ് മുഖേന അനുവദിച്ചുവരുന്നത്. നിയമസഭാസമിതിയുടെ (2021-23) മൂന്നാമത് റിപ്പോർട്ടിലെ (അട്ടപ്പാടി ആദിവാസി ഊരുകളിലെ ശിശുമരണം സംബന്ധിച്ച് തയ്യാറാക്കിയ സ്പെഷ്യൽ റിപ്പോർട്ടിൽ) വനിത ശിശു വികസന വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക 28 ലെ ശിപാർശ പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് കമ്മ്യൂണിറ്റി കിച്ചണുകൾക്ക് സ്ഥിരം ഷെഡ് നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും എല്ലാ കമ്മ്യൂണിറ്റി കിച്ചണുകളും നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്ന് കുടുംബശ്രീ ഉറപ്പു വരുത്തുന്നതിലേയ്ക്കുമായി നടപടി സ്വീകരിക്കുന്നതിന് കുടുംബശ്രീയ്ക്ക് അറിയിപ്പ് നല്കിയിട്ടുണ്ട്.

സർക്കാർ സ്വീകരിച്ച നടപടി
പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം) വകുപ്പ്

കമ്മ്യൂണിറ്റി കിച്ചൻ നടപ്പിലാക്കി വരുന്ന കെട്ടിടങ്ങൾക്ക് പുതിയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നകാര്യം വനിതശിശു വികസന വകുപ്പുമായി ചേർന്ന് പരിശോധിക്കുന്നതാണ്.

ശിപാർശ 20 (ഖണ്ഡിക 33)

ഗർഭാവസ്ഥയിലെ ഒമ്പതാം മാസം മുതൽ കുട്ടിയ്ക്ക് 2 വയസ്സ് തികയുന്നതുവരെയുള്ള ആദ്യ 1000 ദിനങ്ങൾ കുട്ടിയുടെ സമഗ്ര വളർച്ചയിൽ അതീവ പ്രാധാന്യമുള്ളതാണ്. ഗർഭകാലത്ത് അമ്മയ്ക്ക് ലഭിക്കുന്ന പോഷണം ഗർഭസ്ഥ ശിശുവിന്റെ ശരീര വളർച്ച, തലച്ചോറിന്റെ വികാസം എന്നിങ്ങനെ സമസ്ത മേഖലകളിലും സ്വാധീനം ചെലുത്തുന്നു. ഗർഭിണികളിലെ ന്യൂനപോഷണം ശിശുമരണത്തിനും അനാരോഗ്യമുള്ള കുഞ്ഞുങ്ങളുടെ ജനനത്തിനും കാരണമാകുന്നു. ആയതിനാൽ ഇത് ഒഴിവാക്കുന്നതിനായി 'ആദ്യ 1000 ദിനങ്ങൾ' എന്ന പദ്ധതി വനിതാശിശു വികസന വകുപ്പ് നടപ്പാക്കുന്നുവെന്നതും പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെടുന്ന ഗർഭിണികൾക്കും പാലൂട്ടുന്ന അമ്മമാർക്കും പ്രത്യേക തെറാപ്യൂട്ടിക് ഫുഡ് വിതരണം ചെയ്യുന്നുവെന്നതും പ്രസ്തുത പദ്ധതി 57 ഐ.സി.ഡി.എസ്. പ്രോജക്ടുകളായി നിലവിൽ നടപ്പാക്കുന്നുവെന്നതും പ്രശംസനീയം തന്നെയാണ്. 'ആദ്യ 1,000 ദിനങ്ങൾ' എന്നു പദ്ധതി കേരളത്തിൽ പോഷണക്കുറവുള്ള കുഞ്ഞുങ്ങളുടെ ജനനത്തെ കുറയ്ക്കാൻ സഹായിക്കും എന്നതിനാൽ സംസ്ഥാനത്തെ എല്ലാ ഐ.സി.ഡി.എസ്.-കളിലും ഈ പദ്ധതി വ്യാപിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി
വനിതാ ശിശുവികസന (ബി) വകുപ്പ്

2013 – അട്ടപ്പാടിയിൽ ആരംഭിച്ചു.
2018–19 – 11 ICDS പ്രൊജക്ടുകൾ
2021–22 – 17 ICDS പ്രൊജക്ടുകൾ
2022–23 – 14 ICDS പ്രൊജക്ടുകൾ
2023–24 – 5 ICDS പ്രൊജക്ടുകൾ എന്നിങ്ങനെ നിലവിൽ സംസ്ഥാനത്താകെ ഇടുക്കി, വയനാട് ജില്ലകളിലെ മുഴുവൻ ICDS കൾ ഉൾപ്പെടെ 57 പ്രൊജക്ടുകളിൽ പദ്ധതി നടപ്പിലാക്കി വരുന്നു.

സർക്കാരിന്റെ സാമ്പത്തിക സ്ഥിതി അനുസരിച്ച് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്ന പ്രൊജക്ടുകളുടെ എണ്ണം ക്രമേണ വർദ്ധിപ്പിച്ചു കൊണ്ടിരിക്കുന്നു.

ശിപാർശ-21 (ഖണ്ഡിക-34)

കുട്ടികൾ അനുഭവിക്കുന്ന സ്വഭാവ-വൈകാരിക-പഠന-മാനസികാരോഗ്യ-സാമൂഹിക വെല്ലുവിളികൾ സ്കൂൾ തലത്തിൽ അദ്ധ്യാപകരുടെയും രക്ഷിതാക്കളുടെയും പൊതുസമൂഹത്തിന്റെയും കൂട്ടായ്മയിൽ ശാസ്ത്രീയമായി കണ്ടെത്തി പരിഹരിയ്ക്കുന്നതിനും കുട്ടികളിലെ ജീവിത നൈപുണികൾ ശക്തിപ്പെടുത്തുന്നതിനുമുള്ള നൂതന

പദ്ധതിയാണ് **'അവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ORC).'** വിദ്യാഭ്യാസം, ആഭ്യന്തരം, ആരോഗ്യം, തദ്ദേശസ്വയംഭരണം, പട്ടികവർഗ്ഗ വികസനം തുടങ്ങിയ വകുപ്പുകളുടെ ഏകോപനത്തിലൂടെയാണ് പദ്ധതി നടപ്പിലാക്കി വരുന്നതെന്നും രക്ഷിതാക്കൾക്കും അദ്ധ്യാപകർക്കും കുട്ടികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ മുൻകൂട്ടി മനസ്സിലാക്കുന്നതിനും ഇടപെടലുകൾ നടത്തുന്നതിനും ആവശ്യമായ പരിശീലനം നൽകുന്നതിനും സ്കൂളുകളിലെ കുട്ടികൾക്കും അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കുമായി സൈബർ മാനസികാരോഗ്യ മേഖലകളിലെ വിദഗ്ധരെക്കൊണ്ട് വ്യത്യസ്ത തലങ്ങളിൽ എന്തൊക്കെ കാര്യങ്ങൾ കുട്ടികൾ ശ്രദ്ധിക്കണമെന്നതിനെക്കുറിച്ചും മാതാപിതാക്കൾ, അദ്ധ്യാപകർ എന്നിവർക്ക് കുട്ടികൾ ഇത്തരം പ്രവണതകളിലേക്ക് ചെന്നെത്തുന്നതിനു മുമ്പായി എങ്ങനെ പ്രതിരോധിയ്ക്കാം എന്നതിനെക്കുറിച്ചും ബോധവല്ക്കരണം നടത്തിവരുന്നുവെന്നും സമിതി മനസ്സിലാക്കുന്നു. സ്കൂൾ തലത്തിൽ ഓരോ കുട്ടികളിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് അവരുടെ മാനസിക/ശാരീരിക അവസ്ഥ തിരിച്ചറിയുന്നതിനും അവരെ സ്കൂൾ തലത്തിൽ കൗൺസിലിംഗ് നൽകി സാധാരണ നിലയിൽ എത്തിക്കുന്നതിനും അതിനു സാധിക്കാത്തവരെ ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകളിലെ ജില്ലാ റിസോഴ്സ് സെന്ററുകളിലെ വിദഗ്ധരുടെ സേവനം ലഭ്യമാക്കുന്നതിനും 'സ്മാർട്ട് 40' ക്യാമ്പുകൾ നടത്തി കുട്ടികളെ സാധാരണ നിലയിലെത്തിക്കുന്നതിനും സാധിക്കുന്നുവെന്നത് പ്രശംസനീയമാണ്. സംസ്ഥാനത്തെ 304 സ്കൂളുകളിൽ ആഭ്യന്തരവകുപ്പ് ആരംഭിച്ച പദ്ധതി പിന്നീട് വനിത-ശിശു വികസന വകുപ്പിന് കൈമാറുകയാണുണ്ടായതെന്ന് സമിതി മനസ്സിലാക്കുന്നു. വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതി നിലവിൽ 380 സ്കൂളുകളിലേയ്ക്ക് വ്യാപിപ്പിച്ചിട്ടുണ്ടെന്നും സാമൂഹിക-മാനസിക-പഠന വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ കണ്ടുപിടിച്ച് സഹായിക്കുന്നതിനും ലഹരി ഉപയോഗം തടയുന്നതിനായി ബോധവത്ക്കരണം നടത്തുന്നതിനും പ്രയോജനപ്പെടുന്ന പദ്ധതിയാണിതെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഒ.ആർ.സി.യുടെ പ്രവർത്തനം സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി
വനിതാ ശിശുവികസന (സി) വകുപ്പ്

കുട്ടികൾ അനുഭവിക്കുന്ന സ്വഭാവ വൈകാരിക പഠന മാനസികാരോഗ്യ സാമൂഹിക വെല്ലുവിളികൾ സ്കൂൾ തലത്തിൽ അധ്യാപകരുടെയും രക്ഷിതാക്കളുടെയും പൊതു സമൂഹത്തിന്റെയും കൂട്ടായ്മയിൽ ശാസ്ത്രീയമായി കണ്ടെത്തി പരിഹരിയ്ക്കുന്നതിനും കുട്ടികളിലെ ജീവിത നൈപുണികൾ ശക്തിപ്പെടുത്തുന്നതിനുള്ള നൂതന പദ്ധതിയാണ് അവർ

റസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ORC), സാമൂഹിക മാനസിക പഠന വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ കണ്ടുപിടിച്ച് സഹായിക്കുന്നതിനും ലഹരി ഉപയോഗം തടയുന്നതിനായി ബോധവത്കരണം നടത്തുന്നതിനും പ്രയോജനപ്പെടുന്ന പദ്ധതിയാണിത്.

ടി പദ്ധതി നിലവിൽ 573 ഹൈസ്കൂളിലും 71 യു.പി സ്കൂളിലും നടപ്പിലാക്കി വരുന്നു. 2023-24 സാമ്പത്തിക വർഷം സൈക്കോ സോഷ്യൽ കൗൺസിലേഴ്സ് ഉള്ള എല്ലാ സ്കൂളുകളിലേക്കും പദ്ധതി വ്യാപിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്.

ഇത് കൂടാതെ സംസ്ഥാനത്തെ സർക്കാർ ശിശു സംരക്ഷണ സ്ഥാപനങ്ങളിലെ കുട്ടികളുടെ സ്വഭാവ-വൈകാരിക-പഠന-മാനസികാരോഗ്യം മെച്ചപ്പെടുത്തുന്നതിനായി SMART I എന്ന പേരിൽ ഒ.ആർ.സി. പദ്ധതി സംസ്ഥാനത്തെ മുഴുവൻ സർക്കാർ ശിശുസംരക്ഷണ സ്ഥാപനങ്ങളിൽ നടപ്പിലാക്കുകയുണ്ടായി. അതോടൊപ്പം ജില്ലകളിലെ തിരഞ്ഞെടുക്കപ്പെട്ട NGO സ്ഥാപനങ്ങളിലും, നിർഭയ ഹോമുകളിലും പദ്ധതി നടപ്പിലാക്കി.

കൂടുതൽ സ്ഥാപനങ്ങളിലേക്ക് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

<u>ശിപാർശ - 22 (ഖണ്ഡിക - 35)</u>

കുട്ടികൾക്കെതിരെയുള്ള ഓൺലൈൻ അതിക്രമങ്ങളും മറ്റ് വിവിധ അതിക്രമങ്ങളും തടയുന്നതിനും, ആയത് ഉടനടി റിപ്പോർട്ട് ചെയ്യുന്നതിനുമായി വനിതാ ശിശു വികസന വകുപ്പ് 'കുഞ്ഞാപ്പ്' എന്ന പേരിൽ ഒരു മൊബൈൽ ആപ്പ് ആരംഭിച്ചിട്ടുണ്ടെന്നും ഈ ആപ്പിലൂടെ ഐ.സി.പി.എസ്. മുഖേന കുട്ടികൾക്ക് നൽകുന്ന സേവനങ്ങളെക്കുറിച്ച് അറിയാൻ സാധിക്കുന്നതാണെന്നും സമിതി മനസ്സിലാക്കുന്നു. കുട്ടികൾക്കെതിരെയുള്ള സൈബർ അതിക്രമങ്ങളുടെ എണ്ണം കൂടി വരുകയും ജീവിതരീതികൾ ഹൈ-ടെക് ആയി മാറുകയും ചെയ്യുന്ന സാഹചര്യത്തിൽ ഈ ആപ്പിന് ഈ കാലഘട്ടത്തിൽ വലിയ പ്രാധാന്യമുണ്ട്. എന്നാൽ കുട്ടികൾ, രക്ഷിതാക്കൾ, അധ്യാപകർ എന്നിവർക്കിടയിൽ ഇത് സംബന്ധിച്ച് പ്രചാരണം വളരെ കുറവാണെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ വനിതാശിശുവികസന വകുപ്പ് ആരംഭിച്ച മൊബൈൽ ആപ്പ് കുഞ്ഞാപ്പി-നെ സംബന്ധിച്ച പ്രചാരണം വിപുലമായ രീതിയിൽ നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

<u>വനിതാ ശിശുവികസന (സി) വകുപ്പ്</u>

വനിതാ ശിശുവികസന വകുപ്പ് സംഘടിപ്പിക്കുന്ന എക്സിബിഷനുകളിലും ക്യാമ്പയ്നുകളിലും ഫെസ്റ്റുകളിലും കുഞ്ഞാപ്പിനെ സംബന്ധിച്ച പ്രചാരണം നടത്തി വരുന്നു. കൂടാതെ വനിതാ ശിശുവികസന വകുപ്പിലെ ജീവനക്കാരെല്ലാവരും കുഞ്ഞാപ്പ് ഡൗൺലോഡ് ചെയ്ത് ഉപയോഗപ്രദമാക്കാനും പൊതുജനങ്ങളിലേക്ക് പ്രചരണം

നടത്താനും നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 1012 സ്കൂളുകളിൽ പ്രവർത്തിക്കുന്ന സൈക്കോ സോഷ്യൽ സ്കൂൾ കൗൺസിലർ മുഖാന്തിരവും, അങ്കണവാടി വർക്കേഴ്സ് ഹെൽപ്പേഴ്സ് മുഖാന്തിരവും കുഞ്ഞാപ്പ് പൊതുജനങ്ങളിലേക്ക് പ്രചരിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 158 പാരന്റിംഗ് ക്ലിനിക്കിൽ വരുന്ന രക്ഷിതാക്കളോടും കുഞ്ഞാപ്പ് ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. കുഞ്ഞാപ്പിൽ റിപ്പോർട്ട് ചെയ്യുന്ന പരാതികൾ ഉടനടി പരിഹരിക്കുന്നതിന് ചൈൽഡ് ഹെൽപ്പ് ലൈനുമായി ചേർന്നുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

ആഭ്യന്തര (എം) വകുപ്പ്

കുട്ടികൾക്കെതിരെയുള്ള ഓൺലൈൻ അതിക്രമങ്ങൾ വർദ്ധിച്ചു വരുകയും, ജീവിത രീതികൾ ഹൈടെക് ആയി മാറുകയും ചെയ്ത സാഹചര്യത്തിൽ, ആയത് തടയുന്നതിനും ഉടനടി റിപ്പോർട്ട് ചെയ്യുന്നതിനുമായി വനിതാ ശിശു വികസന വകുപ്പ് "കുഞ്ഞാപ്പ്" എന്ന പേരിൽ ഒരു മൊബൈൽ ആപ്പ് ആരംഭിച്ചിരുന്നു. ടി മൊബൈൽ ആപ്പ് കുട്ടികളിലും രക്ഷിതാക്കളിലും അധ്യാപകരിലും പ്രചരിപ്പിക്കുന്നതിനായി സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകളിൽ ബോധവൽക്കരണ ക്ലാസ്സുകൾ നൽകിയിട്ടുണ്ട്. ജനമൈത്രി പോലീസ് സേനാംഗങ്ങളുടെയും ചൈൽഡ് വെൽഫെയർ ഓഫീസർമാരുടെയും നേതൃത്വത്തിൽ പോലീസ് സ്റ്റേഷൻ പരിധിയിലെ വിവിധ സാമൂഹിക സാംസ്കാരിക സംഘടനകൾ കേന്ദ്രീകരിച്ചും, കുടുംബശ്രീ യൂണിറ്റുകൾ കേന്ദ്രീകരിച്ചും, വിവിധ വാട്സ് ആപ്പ് ഗ്രൂപ്പുകൾ ഉപയോഗിച്ചും, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുകളുടെ നേതൃത്വത്തിൽ പ്രചാരണം നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതും, ആയതിന് പ്രത്യേക ശ്രദ്ധ പുലർത്തി വരുന്നതുമാണ്.

സൈബർസെൽ മുഖേന നടത്തുന്ന ബോധവൽക്കരണ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥർക്കും സൈബർ പോലീസ് സ്റ്റേഷനിലെ എസ്.എച്ച്.ഒ. മാർക്കും ടി മൊബൈൽ ആപ്ലിക്കേഷൻ സംബന്ധിച്ച് പ്രത്യേകം പ്രചാരണം നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതും, ആയത് നടപ്പിലാക്കി വരുന്നതുമാണ്.

"കുഞ്ഞാപ്പ്"-ന്റെ വിപുലമായ പ്രചാരണം നടത്തുന്നതിനായി എല്ലാ എസ്.എച്ച്.ഒ.-മാർക്കും ജില്ലാ പോലീസ് മേധാവിമാർ മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. ടി ആപ്പിലൂടെ Integrated Child Protection Scheme(ICPS), മുഖേന കുട്ടികൾക്ക് നൽകുന്ന സേവനങ്ങളെക്കുറിച്ച് അറിയാൻ സാധിക്കുന്നതാണ്. കുട്ടികൾക്കും, രക്ഷിതാക്കൾക്കും അധ്യാപകർക്കും ആവശ്യമായ അവബോധം സൃഷ്ടിക്കുന്നതിലേയ്ക്ക് സോഷ്യൽ മീഡിയ, സ്കൂൾ അസംബ്ലി, സ്റ്റുഡൻസ് കേഡറ്റ്, NCC, സ്കൗട്ട് & ഗൈഡ് തുടങ്ങിയവ വഴി വിപുലമായ രീതിയിൽ പ്രചാരണം നടത്തി

വരുന്നു. ഔദ്യോഗിക വാട്സ് ആപ്പ് ഗ്രൂപ്പുകളിൽ മെസ്സേജുകളായും, വിവിധ ബോധവൽക്കരണ ക്ലാസ്സുകളിൽ കുഞ്ഞാപ്പിനെ സംബന്ധിക്കുന്ന ചെറു വിവരണങ്ങൾ വഴിയും പോലീസിന്റെ പ്രാതിനിധ്യമുള്ള വിവിധ മീറ്റിംഗുകൾ വഴിയും, ടി ആപ്പിനെ സംബന്ധിക്കുന്ന അറിവ് പൊതുജനങ്ങൾക്കിടയിൽ പ്രചരിപ്പിച്ച് വരുന്നുണ്ട്. എസ്.പി.സി പ്രോജക്ട്, ജനമൈത്രി ഓഫീസർമാർ എന്നിവർ മുഖേന സ്റ്റേഷനിൽ എത്തുന്ന അമ്മമാർക്കും മറ്റുമായി നേരിട്ടും, വനിതാ ശിശു സൗഹൃദ സംവിധാനം മുഖേനയും മറ്റും സാധ്യമായ എല്ലാ വഴികളിലൂടെയും, ടി ആപ്പിന് പ്രചരണം നൽകിവരുന്നുണ്ട്.

ശിപാർശ – 23 (ഖണ്ഡിക – 36)

ജുവനൈൽ ഹോമുകളിലെയും സ്പെഷ്യൽ ഹോമുകളിലെയും അന്തേവാസികളായ കുട്ടികൾക്ക് തൊഴിൽ പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചതാണ് 'ബാലമന്ദിരങ്ങളിൽ വ്യാവസായിക ഘടകങ്ങൾ ആരംഭിക്കുക' എന്ന പദ്ധതി. പ്രസ്തുത പദ്ധതി പ്രകാരം ഹോമുകളിലെ കുട്ടികൾക്ക് ആശാരിപ്പണി, നെയ്ത്ത്, മുച്ചക്ര വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ തീർക്കൽ തുടങ്ങിയവയിന്മേൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനായി ഫണ്ട് അനുവദിക്കുന്നുണ്ടെങ്കിലും ആയത് ചെലവാക്കിയതായി കാണുന്നില്ല. ആയതിനാൽ 'ബാലമന്ദിരങ്ങളിൽ വ്യാവസായിക ഘടകങ്ങൾ ആരംഭിക്കുക' എന്ന പദ്ധതിയ്ക്കായി അനുവദിക്കുന്ന മുഴുവൻ തുകയും ചെലവഴിക്കുന്നതിനും പദ്ധതി ലക്ഷ്യപ്രാപ്തിയിൽ എത്തിക്കുന്നതിനും വകുപ്പ് കാര്യക്ഷമമായി പ്രവർത്തിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

വനിതാ ശിശുവികസന (സി) വകുപ്പ്

വനിതാ ശിശു വികസന വകുപ്പ് – UNICEF-HLFPPT ഉം സംയുക്തമായി ചിൽഡ്രൻസ് ഹോമുകളിലും ആഫ്റ്റർകെയർ ഹോമുകളിലും താമസിക്കുന്ന 15 വയസ്സിനു മുകളിലുള്ള കുട്ടികൾക്ക് വേണ്ടി 2020 ഒക്ടോബറിൽ ആരംഭിച്ച പദ്ധതിയാണ് ആഫ്റ്റർകെയർ പ്രോഗ്രാം. ഇത് ഒരു പൈലറ്റ് പ്രോജക്ടായി ആദ്യം കോഴിക്കോട് (2 ചിൽഡ്രൻസ് ഹോമുകളിലും ഒരു ആഫ്റ്റർകെയർ ഹോമിലും) കണ്ണൂരിലും (1 ആഫ്റ്റർകെയർ ഹോം) ഉൾപ്പെടെ ആകെ നാല് ഹോമുകളിലായാണ് ആരംഭിച്ചത്. ഹോമുകളിൽ താമസിക്കുന്ന കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിൽ സ്വതന്ത്രമായി ജീവിക്കാൻ പ്രാപ്തരാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതിയുടെ വിജയത്തെ തുടർന്ന് കൊല്ലത്തും കോട്ടയത്തുമായി 3 ഹോമുകളിലേക്കുകൂടി പ്രവർത്തനം വിപുലപ്പെടുത്തി. ഈ ഘട്ടത്തിൽ 7 ഹോമുകളിൽ നിന്നായി 142 താമസക്കാർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചു. ശാസ്ത്രീയമായ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ഒരോ കുട്ടിയുടെയും Individual Care Plan (ICP)

വികസിപ്പിച്ചെടുത്തു. കൂടാതെ 937 വ്യക്തിഗത കൗൺസിലിംഗ് സെഷനുകൾ, 40 ഗ്രൂപ്പ് ലൈഫ് സ്കിൽ ടെയിനിംഗ്, 96 കൊഗനിറ്റീവ് ടെയിനിംഗ് സെക്ഷനുകൾ എന്നിവ ഇവർക്കുവേണ്ടി നടത്തി. തത്ഫലമായി ഹെൽത്ത് കെയർ, മെക്കാനിക്കൽ, ഹോട്ടൽ മാനേജ്മെന്റ്, ബ്യൂട്ടി ആന്റ് വെൽനസ് എന്നീ മേഖലകളിൽ 28 പേർ വിജയകരമായി വിവിധ സ്ഥാപനങ്ങളിൽ നിയമിക്കപ്പെട്ടു. പോസ്റ്റ് പെയ്സ്മെന്റ് ഫോളോ-അപ്പ് ഫോൺകോളുകളിലൂടെയും നേരിട്ടുള്ള സന്ദർശനങ്ങളിലൂടെയും നടത്തി. ആഫ്റ്റർകെയർ പ്രോഗ്രാം രണ്ടാം ഘട്ടത്തിൽ എല്ലാ ജില്ലകളിലും നടപ്പിലാക്കി. 19 ഹോമുകളിൽ നിന്നായി 172 താമസക്കാരുടെ ICP തയ്യാറാക്കി. ഈ പദ്ധതിയുടെ സുസ്ഥിരതയ്ക്കവേണ്ടി 140 ജെ.ജെ സ്റ്റാഫുകൾക്ക് (16 സൂപ്രണ്ടുമാർ, 14 സി ഡബ്ല്യു ഐ മാർ, 106 കെയർടേക്കർ, 2 മെന്റർ, 2 സെക്യൂരിറ്റി സ്റ്റാഫ്) പരിശീലനം നൽകി. Institutional care and non-institutional care കൗൺസിലർമാർക്ക് കുട്ടികൾക്ക് വേണ്ടി ഇന്റർവെൻഷൻ നടത്തുന്നതിനുള്ള പരിശീലനവും നൽകി. കൂടാതെ വകുപ്പിന് കീഴിലുള്ള 23 ഹോം കൗൺസിലർമാർക്ക് ലൈഫ് സ്കിൽ ടെയിനിംഗിനോടൊപ്പം ആഫ്റ്റർകെയർ പ്രോഗ്രാം മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള പരിശീലനവും നൽകി. രണ്ടാം ഘട്ടത്തിൽ ഹെൽത്ത് കെയർ, റീട്ടെയിൽ, ഹോട്ടൽ, ഇലക്ട്രിക്കൽ, ഇൻഫർമേഷൻ ടെക്നോളജി, ഫുഡ് പ്രൊഡക്ഷൻ, ഫാഷൻ, പ്ലംബിംഗ്, ബിപിഒ, ബ്യൂട്ടി ആന്റ് വെൽനസ് എന്നീ മേഖലകളിലായി 45 പേർ വിജയകരമായി സ്ഥാനം പിടിച്ചിട്ടുണ്ട്. ഇങ്ങനെ വിവിധ തൊഴിൽ മേഖലകളിൽ തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിനും അങ്ങനെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് അവരുടെ സുസ്ഥിരമായ പുനരധിവാസം ഉറപ്പാക്കുന്നതിനും ഈ പദ്ധതി സഹായിച്ചിട്ടുണ്ട്. നിലവിൽ 73 പേര് വിവിധ സ്ഥാപനങ്ങളിലായി ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്.

സമിതി ആരാഞ്ഞ അധികവിവരം

ആഫ്റ്റർ കെയർ പദ്ധതിയുടെ ഭാഗമായി വിവിധ സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിച്ചവർ ഇപ്പോഴും ജോലി തുടരുന്നുണ്ടോയെന്ന് സമിതി ആരാഞ്ഞു. പ്രസ്തുത പദ്ധതി മറ്റ് ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

സർക്കാർ സ്വീകരിച്ച നടപടി

വനിത ശിശുവികസന (സി) വകുപ്പ്

വനിത ശിശു വികസന വകുപ്പുമായി ചേർന്ന് പദ്ധതി നടപ്പാക്കി വരുന്ന HLFPPT മുഖേന ലഭിച്ച വിവരങ്ങൾ അനുസരിച്ച് ആഫ്റ്റർകെയർ പദ്ധതിയുടെ ഒന്ന്, രണ്ട് ഘട്ട നടത്തിപ്പിന്റെ ഭാഗമായി ജോലി ലഭിച്ചതിൽ 49 പേർ ജോലിയിൽ തുടരുന്നുണ്ട്.

ആഫ്റ്റർകെയർ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ വനിത ശിശു വികസന വകുപ്പിന്റെ കീഴിലുള്ള എല്ലാ ചിൽഡ്രൻസ് ഹോമുകളിലും, ആഫ്റ്റർ കെയർ സ്ഥാപനങ്ങളിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

ശിപാർശ – 24 (ഖണ്ഡിക 37)

ഗുരുതര രോഗം ബാധിച്ച കുട്ടികൾക്കുള്ള വൈദ്യസഹായം, പ്രകൃതിദുരന്തം ലൈംഗികാതിക്രമം, മാനസിക പീഡനം മുതലായവയ്ക്ക് ഇരയായ കുട്ടികൾ, അനാഥകുട്ടികൾ, തെരുവിൽ കഴിയുന്ന കുട്ടികൾ, ബാലവേലയിൽ ഏർപ്പെട്ടിട്ടുള്ള കുട്ടികൾ എന്നിവർക്കായി 2015 ബാലനീതി നിയമം സെക്ഷൻ 105 പ്രകാരം 2016 –ലെ ജുവനൈൽ ജസ്റ്റീസ് മോഡൽ റൂൾ 83 അനുസരിച്ച് രൂപീകരിച്ചതാണ് ജസ്റ്റീസ് ഫണ്ട് (ബാലനിധി) നിലവിൽ അർഹരും അതിസങ്കീർണ്ണമായ സാമ്പത്തികബുദ്ധിമുട്ടുകൾ നേരിടുന്നവരുമായ മുഴുവൻ കുട്ടികൾക്കും പദ്ധതി പ്രകാരമുള്ള സേവനം നൽകാൻ സാധിക്കുന്നില്ലെന്നു സമിതി നിരീക്ഷിക്കുന്നു. പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി സാമ്പത്തിക സമാഹരണം നടത്തേണ്ടത് അത്യാവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ബാലനിധിയ്ക്കായി ആവശ്യമായ ഫണ്ട് കണ്ടെത്തുന്നതിനായി സാമ്പത്തിക സമാഹരണം നടത്തുന്നതിനും ഫലപ്രദമായ സിവിൽ സൊസൈറ്റി പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും പ്രസ്തുത പദ്ധതിയ്ക്കായി കൂടുതൽ ഫണ്ട് അനുവദിക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

വനിത ശിശുവികസന (സി) വകുപ്പ്

ജെ. ജെ. ആക്ടിന്റെയും റൂളിന്റെയും പരിധിയിൽ വരുന്ന നിർദ്ധനരായ കുട്ടികളുടെ ക്ഷേമം, പുനരധിവാസം, സംരക്ഷണം എന്നിവ ഉറപ്പാക്കുന്നതിനായി രൂപീകരിച്ചിട്ടുള്ളതാണ് ജുവനൈൽ ജസ്റ്റിസ് ഫണ്ട്. നിലവിൽ ബാലനിധിയിലേക്ക് എല്ലാ വർഷവും സർക്കാർ അനുവദിക്കുന്ന ബഡ്ജറ്റ് തുകയായ 10 ലക്ഷം രൂപയ്ക്ക് പുറമെ അഡോപ്ഷൻ പ്രക്രിയയുടെ ഭാഗമായി Prospective Adoptive Parents (PAPs) Home study യ്ക്കായി നൽകുന്ന ഫീസ് ഇനത്തിൽ നിന്നും 3000/- രൂപ ബാലനിധി അക്കൗണ്ടിലേക്ക് കൈമാറുന്നു. കൂടാതെ ബാലനിധി ഫണ്ട് സമാഹരണത്തിനായി വ്യക്തികളിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും, പൊതു ജനങ്ങളിൽ നിന്നും പ്രസ്തുത അക്കൗണ്ടിലേക്ക് ഫണ്ട് സ്വരൂപിക്കുന്നതിനായി ബാങ്ക് അക്കൗണ്ടിന്റെ QR Code രൂപീകരിക്കുകയും, ആയത് വഴി ധന സമാഹരണം നടത്തി വരുന്നു. സംഭാവനകൾ JJ ഫണ്ടിനായി തുടങ്ങിയിട്ടുള്ള ബാലനിധി പോർട്ടൽ (balanidhi.kerala.gov.in) മുഖേനയോ QR Code മുഖേനയോ നേരിട്ടോ ഓൺലൈനായോ നിക്ഷേപിക്കാവുന്നതാണ്. ഇവയ്ക്ക് പുറമേ പ്രസ്തുത ഫണ്ടിലേയ്ക്ക് പല കോണുകളിൽ നിന്നും തുക സമാഹരിക്കുന്നതിന് പ്രചാരണവും ശക്തമാക്കിയിട്ടുണ്ട്.

ധനകാര്യ (വനിത ശിശുവികസനം) വകുപ്പ്

പദ്ധതി നിർവ്വഹണ പുരോഗതിയുടെയും ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയുടെ വിനിയോഗത്തിന്റെയും അടിസ്ഥാനത്തിൽ അധിക വിഹിതം ആവശ്യമായി വരുന്ന പക്ഷം ഭരണവകുപ്പ് സമർപ്പിക്കുന്ന ഉചിത ശിപാർശ പരിശോധിച്ചും സംസ്ഥാനത്തിന്റെ വിഭവ ലഭ്യത കണക്കിലെടുത്തും അധിക വിഹിതം അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

ശിപാർശ – 27 (ഖണ്ഡിക – 41)

ലൈംഗിക അതിക്രമങ്ങൾ, ആസിഡ് ആക്രമണങ്ങൾ, നിഷ്ഠുരമായ ലിംഗാധിഷ്ഠിത അതിക്രമങ്ങൾ എന്നിവയ്ക്ക് വിധേയരായിട്ടുള്ള സ്ത്രീകൾക്കും കുട്ടികൾക്കും അടിയന്തര ആശ്വാസം നൽകുക എന്നതാണ് 'ആശ്വാസനിധി' പദ്ധതിയുടെ ലക്ഷ്യം. ലൈംഗികാതിക്രമം, ലൈംഗിക പീഡനം എന്നിവ അതിജീവിച്ചവർക്ക് 50,000 രൂപ മുതൽ ഒരു ലക്ഷം രൂപ വരെ നൽകുകയും പീഡനത്തിലൂടെ ഗർഭിണിയായാൽ ഒരു ലക്ഷം രൂപ വരെ അധികം നൽകുകയും ആക്രമണത്തിന്റെ ഭാഗമായി ശരീരഭാഗമോ ജീവനോ നഷ്ടപ്പെട്ടാൽ 50,000 രൂപ മുതൽ ഒരു ലക്ഷം രൂപ വരെയും മനുഷ്യക്കടത്തിൽ നിന്നും രക്ഷപ്പെടുന്നവർക്ക് 50,000 രൂപ വരെയും നൽകുന്നതിന് പദ്ധതി മുഖേന സാധിക്കുന്നു. ഗാർഹിക പീഡനം മൂലമുള്ള മാനസിക-ശാരീരിക ആഘാതത്തിനും ഇതേ തുകയാണ് നൽകുന്നത്. പോലീസ് കേസ് രജിസ്റ്റർ ചെയ്ത് ആറു മാസത്തിനകം ജില്ലാ ശിശു അല്ലെങ്കിൽ വനിതാ സംരക്ഷണ ഓഫീസർക്ക് അപേക്ഷ നൽകുകയും വകുപ്പ് അന്വേഷണം നടത്തി നിർഭയ സെല്ലിലേക്ക് അപേക്ഷ കൈമാറുകയും ചെയ്താൽ ഒരാഴ്ചക്കകം അതിജീവിതയുടെ അക്കൗണ്ടിലേക്ക് തുക നൽകുകയാണ് പതിവ്. 2018-19 സാമ്പത്തിക വർഷം മുതലാണ് ഈ പദ്ധതിയ്ക്കായി 3 കോടി രൂപ നീക്കിയിരുപ്പ് നടത്തിയിരുന്നതെങ്കിലും പദ്ധതി വിനിയോഗം വളരെ കുറവായിരുന്നുവെന്നതിന്റെ അടിസ്ഥാനത്തിൽ 2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിൽ 2 കോടി രൂപയാണ് ബജറ്റിൽ വകയിരുത്തിയത്. എന്നാൽ 2021-22 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിയ്ക്കായി 3.5 കോടി രൂപയും 2022-23 സാമ്പത്തിക വർഷത്തിൽ 2.75 കോടി രൂപയും ചെലവാക്കിയതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ലൈംഗികാതിക്രമങ്ങൾ കൂടിവരുന്ന നിലവിലെ സാഹചര്യത്തിൽ ആശ്വാസനിധിയ്ക്കായി ബഡ്ജറ്റിൽ അനുവദിക്കുന്ന തുക വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

ധനകാര്യ (വനിത ശിശുവികസനം) വകുപ്പ്

പദ്ധതി നിർവ്വഹണ പുരോഗതിയുടെയും ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയുടെ വിനിയോഗത്തിന്റെയും അടിസ്ഥാനത്തിൽ അധിക വിഹിതം

ആവശ്യമായി വരുന്ന പക്ഷം ഭരണവകുപ്പ് സമർപ്പിക്കുന്ന ഉചിത ശിപാർശ പരിശോധിച്ചും സംസ്ഥാനത്തിന്റെ വിഭവ ലഭ്യത കണക്കിലെടുത്തും അധിക വിഹിതം അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

ശിപാർശ – 29 (ഖണ്ഡിക – 45)

കാതോർത്ത്, രക്ഷാദൂത് പദ്ധതികൾ പ്രശ്നങ്ങൾ നേരിടുന്ന സ്ത്രീകൾ/കുട്ടികൾക്ക് വളരെ പ്രയോജനപ്രദമാണ്. അവരുടെ പ്രശ്നങ്ങൾ എന്താണ് എന്ന് കേൾക്കുന്നതിന് ഒരാൾ അല്ലെങ്കിൽ ഒരു സമൂഹം മുഴുവൻ കൂടെയുണ്ടാകുമെന്ന തോന്നൽ അവരിൽ ഉളവാക്കാൻ ഇതിലൂടെ സാധിക്കുന്നു. എന്നാൽ ഈ രണ്ടു പദ്ധതികളെയും സംബന്ധിച്ച് ജനങ്ങൾക്കിടയിൽ പ്രചാരം ലഭിക്കേണ്ടത് ആവശ്യമാണ്. ആയതിനാൽ കാതോർത്ത്, രക്ഷാദൂത് എന്നീ പദ്ധതികൾ വകുപ്പ് നടപ്പാക്കുന്നുവെന്നത് പത്ര/ദൃശ്യ/ശ്രവ്യ മാധ്യമങ്ങൾ മുഖേന പ്രചരിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

വനിത ശിശുവികസനം (സി) വകുപ്പ്

വനിത ശിശു വികസന വകുപ്പ് തലത്തിൽ നടപ്പാക്കുന്ന IEC പ്രവർത്തനങ്ങൾ, സോഷ്യൽ മീഡിയ ക്യാംപയിൻ, ബോധവത്കരണ പരിപാടികൾ എന്നിവയിൽ കാതോർത്ത്, രക്ഷാദൂത് പദ്ധതികളുടെ പ്രചരണവും ഉൾപ്പെടുത്തിയിട്ടുണ്ട്.

ശിപാർശ – 31 (ഖണ്ഡിക–47)

വിധവകളായ സ്ത്രീകൾക്ക് സ്വയം തൊഴിൽ ചെയ്ത് വരുമാന മാർഗ്ഗമുണ്ടാക്കുന്നതിന് ഒറ്റത്തവണ ധനസഹായം നൽകുന്ന പദ്ധതിയാണ് 'സഹായ ഹസ്തം' പദ്ധതി. സാമ്പത്തിക സ്ഥിതി, ആരും നോക്കാനില്ലാത്തവർ, ബി.പി.എൽ. കുടുംബം എന്നിങ്ങനെയുള്ള വിവിധ മാനദണ്ഡങ്ങൾ പരിഗണിച്ച് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിലുള്ള ഒരു സമിതിയാണ് ലഭ്യമായ അപേക്ഷകളിൽ നിന്ന് പത്ത് പേരെ തെരഞ്ഞെടുക്കുന്നത്. പദ്ധതി പ്രകാരം സഹായം ലഭ്യമായവർ ആരംഭിച്ച പദ്ധതിയുടെ പുരോഗതി നിരീക്ഷിക്കാറുമുണ്ട്. പദ്ധതിയ്ക്കായി അനുവദിച്ച ഫണ്ട് കുറവായതിനാലും എല്ലാ ജില്ലകളിലും പദ്ധതി നടപ്പിലാക്കണമെന്നുള്ളതിനാലുമാണ് 10 പേർ എന്ന പരിധി നിശ്ചയിച്ചിരിക്കുന്നതെന്ന് സമിതി കരുതുന്നു. ചെറിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രോത്സാഹനമെന്ന രീതിയിലാണ് പദ്ധതി നടപ്പിലാക്കുന്നതെന്നും വിധവകളായിക്കഴിയുമ്പോൾ ആരും സഹായത്തിനില്ലാതെ ആത്മഹത്യ ചെയ്യുന്നൊരു പ്രവണതയുണ്ടായിരുന്നുവെന്നും ആയത് ഇല്ലാതാക്കുന്നതിനാണ് പദ്ധതി ആരംഭിച്ചതെന്നും സമിതി മനസ്സിലാക്കുന്നു.

ആയതിനാൽ 'സഹായഹസ്തം' പദ്ധതിയ്ക്കായി അപേക്ഷ സമർപ്പിക്കുന്ന അർഹരായ എല്ലാവർക്കും സഹായം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

വനിത ശിശുവികസന (എ) വകുപ്പ്

55 വയസ്സിൽ താഴെയുള്ള വിധവകൾക്കായുള്ള സ്വയം തൊഴിൽ പദ്ധതിയാണ് "സഹായഹസ്തം". ടി പദ്ധതി പ്രകാരം നിലവിൽ ഒരു ജില്ലയിൽ നിന്നും പത്ത് പേർക്ക് മാത്രമാണ് ധനസഹായം അനുവദിക്കുന്നത്. ഇത് 25 പേർക്കായി ഉയർത്തണമെന്ന നിർദ്ദേശം 2022 ലെ ജില്ലാ കളക്ടർമാരുടേയും വകുപ്പ് അധ്യക്ഷൻമാരുടേയും വാർഷിക സമ്മേളനത്തിൽ നിന്ന് ലഭിക്കുകയുണ്ടായി. പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളുടെ എണ്ണം 10 ആയി പരിമിതപ്പെടുത്തിയിരുന്നതിനാൽ ടി പദ്ധതിയിലേക്ക് വിധവകളെ മാത്രമേ പരിഗണിച്ചിട്ടുള്ളൂ. നിലവിൽ ചില ജില്ലകളിൽ നിന്നും പത്ത് അപേക്ഷകരെ ലഭിക്കാത്ത സാഹചര്യവും നിലനിൽക്കുന്നുണ്ടെന്ന് ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ അറിയിച്ച സാഹചര്യത്തിൽ സഹായഹസ്തം പദ്ധതി പ്രകാരം ഒരു ജില്ലയിൽ നിന്നും 25 പേർക്ക് ധനസഹായം അനുവദിക്കുന്നതിനായും, വനിതകൾ ഗൃഹനാഥരായ കുടുംബങ്ങളിലെ ഗൃഹനാഥയെ ടി പദ്ധതിയിലേക്ക് പരിഗണിയ്ക്കുന്നതിനായും, ഒരു ഗുണഭോക്താവിന് അനുവദിച്ചിരിക്കുന്ന തുകയായ 30,000/- രൂപയിൽ നിന്നും 50,000/- രൂപയിലേക്ക് വർദ്ധിപ്പിക്കണമെന്നുള്ള വനിതാശിശുവികസന ഡയറക്ടറുടെ ശിപാർശ സർക്കാർ പരിശോധിക്കുകയും നിലവിലെ സാമ്പത്തികസ്ഥിതി പരിഗണിച്ച് തൽക്കാലം നീട്ടിവച്ചിരിക്കുകയുമാണ്.

ശിപാർശ – 36 (ഖണ്ഡിക – 52)

വർഷങ്ങൾക്കുമുൻപ് എസ്.എ.ടി. ആശുപത്രിക്കു മുന്നിൽ ചോരകുഞ്ഞിനെ ഉപേക്ഷിച്ച നിലയിൽ കണ്ടെത്തിയതിനെത്തുടർന്നാണ് "അമ്മത്തൊട്ടിൽ" എന്ന ആശയം ഉടലെടുത്തത്. എന്നാൽ ഉപേക്ഷിക്കപ്പെടുന്ന കുട്ടികളുടെ എണ്ണം നാൾക്കുനാൾ വർദ്ധിച്ച വരികയാണ്. ആശുപത്രി, വരാന്തകൾ, പാതയോരം തുടങ്ങി ഒഴിഞ്ഞ പലയിടങ്ങളിലും കുട്ടികൾ ഉപേക്ഷിക്കപ്പെടുന്ന സാഹചര്യം നിലവിലുണ്ട്. ആയതിനാൽ അമ്മത്തൊട്ടിലിന്റെ എണ്ണത്തിൽ വർദ്ധനവുണ്ടാവേണ്ടത് അത്യാവശ്യമാണ്. ആയതിനാൽ മെഡിക്കൽ കോളേജുകൾ, ജനറൽ/ജില്ല/താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളോടനുബന്ധിച്ച് ആധുനിക ഹൈടെക് അമ്മത്തൊട്ടിലുകൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച് ആയതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി
വനിത ശിശുവികസന (സി) വകുപ്പ്

സംസ്ഥാനത്ത് ആധുനിക ഹൈടെക് അമ്മത്തൊട്ടിലുകൾ മെഡിക്കൽ, ജനറൽ/ജില്ല/താലൂക്ക് ആശുപത്രികളോടനുബന്ധിച്ച് സ്ഥാപിക്കുന്നതിനായി MLA യുടെ പ്രത്യേക വികസന നിധിയിൽ നിന്നും വിനിയോഗിക്കുന്നതിന് സ.ഉ.(അച്ചടി) നം.117/2019/ധന (ഉത്തരവ് ഉള്ളടക്കം ചെയ്യുന്നു) പ്രകാരം കേരള സംസ്ഥാന ശിശുക്ഷേമ സമിതിയെ ചുമതലപ്പെടുത്തുകയും ആയതിൻ പ്രകാരമുള്ള നടപടികൾ ശിശുക്ഷേമ സമിതി സ്വീകരിച്ച് വരികയും ചെയ്യുന്നു.

ശിപാർശ – 37 (ഖണ്ഡിക 53)

ശിശുക്ഷേമ സമിതിയുടെ അമ്മത്തൊട്ടിലിൽ ലഭിക്കുന്ന കുഞ്ഞുങ്ങളെ എവിടെ പാർപ്പിക്കണമെന്ന് തീരുമാനിക്കുന്നത് അതതു ജില്ലകളിലെ ശിശുക്ഷേമസമിതികളാണ്. അമ്മത്തൊട്ടിലിന് തൊട്ടടുത്തുള്ള ശിശു സംരക്ഷണ കേന്ദ്രങ്ങളിലേക്കാണ് ശിശുക്ഷേമ സമിതി സാധാരണയായി കുഞ്ഞിനെ നൽകാറുള്ളത്. തിരുവനന്തപുരത്ത് അമ്മത്തൊട്ടിലിനോട് ചേർന്ന് സംരക്ഷണ കേന്ദ്രമുള്ളതു കൊണ്ട് ഇവിടെ ലഭിക്കുന്ന കുഞ്ഞുങ്ങളെ ശിശുക്ഷേമ സമിതിക്ക് തന്നെ പരിപാലിക്കാൻ സാധിക്കുന്നു. നിലവിൽ സമിതിയുടെ കീഴിൽ ശിശുപരിചരണ കേന്ദ്രങ്ങൾ ഇല്ലാത്ത ജില്ലകളിലെ അമ്മത്തൊട്ടിലുകളിൽ നിന്നും ലഭിക്കുന്ന കുഞ്ഞുങ്ങളെ ശിശുക്ഷേമസമിതിയുടെ ഉത്തരവ് പ്രകാരം മറ്റ് സ്ഥാപനങ്ങളിലേക്കാണ് സംരക്ഷണത്തിനായി നൽകുന്നത്. ആയതിനാൽ അമ്മത്തൊട്ടിലിൽ നിന്ന് ലഭിക്കുന്ന കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നതിന് തൊട്ടടുത്തുള്ള ശിശുക്ഷേമ സമിതി സ്ഥാപനങ്ങളെ തന്നെ ഏൽപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി
വനിത ശിശുവികസന (സി)വകുപ്പ്

അനാഥരും ഉപേക്ഷിക്കപ്പെട്ടവരും ഏൽപ്പിച്ചുകൊടുക്കപ്പെട്ടവരുമായ 6 വയസ്സിൽ താഴെയുള്ള കുട്ടികളെ അംഗീകൃത ദത്തെടുക്കൽ സ്ഥാപനങ്ങളിലാണ് സംരക്ഷിക്കേണ്ടതെന്നു ബാല നീതി നിയമം 36 പ്രകാരം പ്രതിപാദിക്കുന്നുണ്ട്. ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളുടെ കേസിൽ തീരുമാനമെടുക്കാനുള്ള അധികാരം ചൈൽഡ് വെൽഫെയർ കമ്മിറ്റിക്ക് ആയതിനാൽ അമ്മത്തൊട്ടിലിൽ ലഭിക്കുന്ന കുട്ടികളുടെ ഉത്തമ താല്പര്യം പരിഗണിച്ചും എല്ലാ ജില്ലകളിലും അംഗീകൃത ദത്തെടുക്കൽ സ്ഥാപനങ്ങൾ ഉള്ളതിനാലും ടി കുട്ടികളെ പ്രസ്തുത സ്ഥാപനങ്ങളിലേക്കാണ് സംരക്ഷിക്കാൻ ഏൽപ്പിക്കുന്നത്.

ശിപാർശ – 38 (ഖണ്ഡിക – 54)

ജീവിത സാഹചര്യങ്ങളാണ് കുട്ടികളിലെ കുറ്റവാസനയെ ഉണർത്തുന്നത്. മാതാപിതാക്കളിൽ നിന്ന് യഥാർത്ഥ സ്നേഹവും സംരക്ഷണവും കിട്ടാത്തവരും ശിഥിലദാമ്പത്യങ്ങളുടെ ബാക്കിപത്രവുമായ ഹതഭാഗ്യരായ കുട്ടികളാണ് ഇത്തരം സാഹചര്യങ്ങളിൽ എത്തിപ്പെടുന്നത്. അവിഹിത ബന്ധത്തിൽ ഏർപ്പെടുന്ന രക്ഷിതാക്കളുടെയും പലവിധ കാരണങ്ങളാൽ കുട്ടികളെ ശരിയായ രീതിയിൽ പരിപാലിക്കാൻ സാധിക്കാത്ത മാതാപിതാക്കളുടെയും കുട്ടികളാണ് കൂടുതലും ഇത്തരം സാഹചര്യത്തിൽപ്പെട്ടുപോകുന്നത്. ഇങ്ങനെയുള്ള കുട്ടികൾക്കിടയിലെ പ്രശ്നങ്ങൾ/ വെല്ലുവിളികൾ മനസ്സിലാക്കി അവരെ നേർവഴിയിലേക്ക് നയിക്കുന്നതിന് രക്ഷിതാക്കളെ ബോധവത്കരിക്കുന്നതിനായി വകുപ്പ് ആരംഭിച്ച പദ്ധതിയാണ് പാരന്റിംഗ് ക്ലിനിക്കുകൾ. ബ്ലോക്ക് തലത്തിൽ ആണ് നിലവിൽ 'പാരന്റിംഗ് ക്ലിനിക്കുകൾ' പ്രവർത്തിക്കുന്നത്. സംസ്ഥാനത്ത് ഉത്തരവാദിത്ത രക്ഷകർതൃത്വം പ്രചരിപ്പിക്കുന്നതിനായും മാതാപിതാക്കളുടെ സംശയ ദൂരീകരണത്തിനായും വെബിനാറുകൾ സംഘടിപ്പിക്കുന്നു. പാരന്റിംഗ് ക്ലിനിക്കുകളുടെ സേവനം സംബന്ധിച്ച് പ്രചരണം അങ്കണവാടി/ആശാപ്രവർത്തകരിലൂടെയും മറ്റ് പ്രചാരണ മാധ്യമങ്ങളിലൂടെയും നൽകി വരുന്നുണ്ട്. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പാരന്റിംഗ് ക്ലിനിക്കുകൾ ആരംഭിക്കുന്നതിനും ആയതിന്റെ പ്രചാരണം പൊതുജനങ്ങളിൽ എത്തിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

വനിത ശിശുവികസന (സി) വകുപ്പ്

നിലവിൽ 152 റവന്യൂ ബ്ലോക്കുകളിലും 6 കോർപ്പറേഷനുകളിലുമായി 158 പാരന്റിംഗ് ക്ലിനിക്കുകൾ പ്രവർത്തിച്ചു വരുന്നു. പാരന്റിംഗ് ക്ലിനിക്കുകളുടെ സേവനത്തെപ്പറ്റിയുള്ള പ്രചരണം എല്ലാ ജില്ലാ ബ്ലോക്ക് തലങ്ങളിലും ഡി.സി.പി.യു മാർ മുഖേന സംഘടിപ്പിച്ചു വരുന്നു. കൂടാതെ എല്ലാ ശനിയാഴ്ചകളിലും പഞ്ചായത്ത് തലത്തിൽ നടത്തുന്ന ഔട്ട് റീച്ച് ക്യാമ്പുകളിലൂടെ പാരന്റിംഗ് ക്ലിനിക്കുകളുടെ സേവനം നടത്തിവരുന്നു.

ശിപാർശ – 43 (ഖണ്ഡിക 60)

ഗാർഹിക പീഡനത്തിനിരയാകുന്ന വനിതകൾക്കും കുട്ടികൾക്കും സൗജന്യ നിയമസഹായം, വൈദ്യസഹായം, വൊക്കേഷണൽ ട്രെയിനിംഗ്, ഷെൽട്ടർ ഹോമുകളിലേക്കുള്ള റഫറൻസ്, പോലീസിന്റെ സഹായം, ഗാർഹിക പീഡനനിയമത്തെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്സുകൾ, കൗൺസിലിംഗ് എന്നിവ നൽകുന്നതിന് കേരളത്തിലെ 14 ജില്ലകളിലായി നിലവിൽ 90 സർവ്വീസ്

പ്രൊവൈഡിംഗ് സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിരുന്നുവെങ്കിലും ഇപ്പോൾ അത് 80 ആയി ലോപിച്ചിട്ടുണ്ട്. നിരാലംബരായ സ്ത്രീകൾക്ക് ആശ്വാസമേകുന്നതിനായി ആരംഭിച്ച സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ എല്ലാ ബ്ലോക്കുകളിലും ഉണ്ടായാൽ സൗകര്യപ്രദമായിരിക്കും. ആയതിനാൽ എല്ലാ ബ്ലോക്കുകളിലും സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

വനിത ശിശു വികസന (എ)വകുപ്പ്

സംസ്ഥാനത്ത് നിലവിൽ പ്രവർത്തിക്കുന്ന സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ എല്ലാ ബ്ലോക്കുകളിലും ആരംഭിക്കുന്നതിലേക്കായി അവ ഒരു ബ്ലോക്കിൽ ഒന്നു വീതമാണോ പ്രവർത്തിക്കുന്നത് എന്നത് സംബന്ധിച്ചുള്ള വിവരശേഖരണം നടത്തിക്കൊണ്ടും പുതുതായി ലഭിച്ചിട്ടുള്ള അപേക്ഷകളിൽ നിലവിൽ സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ ഇല്ലാത്ത ബ്ലോക്കുകളിൽ ആരംഭിക്കാൻ കഴിയുമോ എന്നതും പരിശോധിച്ചും ഉറപ്പു വരുത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. നിലവിൽ 90 സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നു.

അദ്ധ്യായം – III

ശിപാർശകളിൽമേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അധിക വിവരം ആവശ്യപ്പെട്ടവയും ഇനിയും മറുപടി ലഭ്യമാക്കാത്തവയുമായവ.

ശിപാർശ 10 – (ഖണ്ഡിക – 20)

അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും തുടർ പരിശീലനം നൽകേണ്ടത് ആവശ്യമാണ്. ഇവരിൽ പലരും ശിശുവികസനവുമായി ബന്ധപ്പെട്ട കോഴ്സ് പാസ്സാകാത്തവരാണ്. ഭാവിയിൽ ശിശുവികസനവുമായി ബന്ധപ്പെട്ട കോഴ്സ് പാസ്സാകുന്നവർക്കുമാത്രം നിയമനം നൽകാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. ഇത്തരുണത്തിൽ വർക്കർമാരുടെയും ഹെൽപ്പർമാരുടെയും നൈപുണ്യ വികസനം വളരെ അത്യാവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ അങ്കണവാടി പ്രവർത്തകർക്ക് നൈപുണ്യ വികസനത്തിനായി കൃത്യമായ ഇടവേളകളിൽ ഐ.സി.ഡി.എസ്. പരിശീലന പരിപാടികൾ ക്രോഡീകരിച്ച് സംഘടിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി
വനിത ശിശുവികസന (സി) വകുപ്പ്

2021-22 വർഷത്തിൽ ഐ.സി.ഡി.എസ് പരിശീലന പദ്ധതിയ്ക്കായുള്ള മൊഡ്യൂളുകൾ വകുപ്പുതലത്തിൽ വിദഗ്ധ സമിതിയെ ഉൾപ്പെടുത്തി പരിഷ്കരിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലാണ് നിലവിൽ ട്രെയിനിംഗ് നടത്തി വരുന്നത്. അതോടൊപ്പം NIPCCD പോലുള്ള ഏജൻസികളിൽ നിന്നും അങ്കണവാടി വർക്കർമാർ ഉൾപ്പെടെയുള്ളവർക്ക് പരിശീലനം ലഭ്യമാകുന്നുണ്ട്. IGNOU മുഖാന്തിരം പൈലറ്റ് അടിസ്ഥാനത്തിൽ തിരുവനന്തപുരം, എറണാകുളം എന്നീ ജില്ലകളിൽ അങ്കണവാടി വർക്കർമാർക്ക് Certificate in Food and Nutrition, Certificate Nutrition and Care എന്നീ സർട്ടിഫിക്കറ്റ് കോഴ്സുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

സമിതി ആരാഞ്ഞ അധികവിവരം

സർവീസിലുള്ള എത്ര അങ്കണവാടി വർക്കർമാർ IGNOU മുഖേന പൈലറ്റ് അടിസ്ഥാനത്തിൽ സംഘടിപ്പിച്ച Certificate in Food and Nutrition, Certificate in Nutrition and Child Care എന്നീ സർട്ടിഫിക്കറ്റ് കോഴ്സുകളിൽ പരിശീലനം പൂർത്തീകരിച്ചിട്ടുണ്ട് എന്നത് സംബന്ധിച്ച വിവരം ആരായാൻ സമിതി നിർദ്ദേശിച്ചു.

സർക്കാർ സ്വീകരിച്ച നടപടി
വനിത ശിശുവികസന (ബി) വകുപ്പ്

Certificate in Food and Nutrition- കോഴ്സ് പൂർത്തിയാക്കിയ അങ്കണവാടി വർക്കർമാർ 29 പേരും, Certificate in Nutrition and Child Care-കോഴ്സ് പൂർത്തീകരിച്ച 3 പേരുമാണുള്ളത്.

സമിതി ആരാഞ്ഞ അധികവിവരം

IGNOU മുഖേന പൈലറ്റ് അടിസ്ഥാനത്തിൽ സംഘടിപ്പിച്ച Certificate in Food and Nutrition, Certificate in Nutrition and Child Care എന്നീ സർട്ടിഫിക്കറ്റ് കോഴ്സുകളിലൂടെ സർവീസിലുള്ള എല്ലാ അങ്കണവാടി വർക്കർമാർക്കും പരിശീലനം നൽകുന്നുണ്ടോ; ഈ പദ്ധതി എല്ലാ സ്ഥലത്തും വ്യാപിപ്പിക്കാൻ ശ്രമിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതി വിജയകരമാണെന്ന് വിലയിരുത്തുന്നുണ്ടോ; തുടങ്ങിയ വിശദാംശങ്ങൾകൂടി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

ശിപാർശ 17 (ഖണ്ഡിക - 30)

കമ്മ്യൂണിറ്റി കിച്ചൺ പദ്ധതിക്കായി ഒരാൾക്ക് ദിവസം 20 രൂപ നിരക്കിലാണ് ഫണ്ട് അനുവദിക്കുന്നത്. പ്രസ്തുത തുക കാലോചിതമായി ഉയർത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി
പട്ടികജാതി പട്ടികവർഗ്ഗ വികസന (പി. എം) വകുപ്പ്

കമ്മ്യൂണിറ്റി കിച്ചൺ പദ്ധതിയ്ക്കായി നിലവിലുള്ള നിരക്കുകൾ പരിഷ്കരിക്കുന്നത് വനിതാ ശിശു വികസന വകുപ്പുമായി കൂടിയാലോചിച്ച് പരിഗണിക്കുന്നതാണ്.

സമിതി ആരാഞ്ഞ അധികവിവരം

വനിതാ-ശിശു വികസന വകുപ്പുമായി കൂടിയാലോചിച്ച് കമ്മ്യൂണിറ്റി കിച്ചൺ പദ്ധതിക്കായുള്ള നിരക്കുകൾ പരിഷ്കരിച്ചിട്ടുണ്ടോ എന്ന് പട്ടികജാതി-പട്ടികവർഗ വികസന വകുപ്പിനോട് ആരായാനും കൂടുതൽ ദുർബലമായ ആദിവാസി ഊരുകളിലേക്ക് കമ്മ്യൂണിറ്റി കിച്ചൺ പ്രവർത്തനം വ്യാപിപ്പിക്കണമെന്നും എം. ആർ. എസ്. നിരക്കിലേക്ക് കമ്മ്യൂണിറ്റി കിച്ചൺ നിരക്ക് വർദ്ധിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്തു.

ശിപാർശ-18 (ഖണ്ഡിക-31)

വനിതാ ശിശു വികസനം, പട്ടികവർഗ്ഗ വികസനം എന്നീ വകുപ്പുകൾ മുഖേനയാണ് കമ്മ്യൂണിറ്റി കിച്ചൺ പദ്ധതിയ്ക്കായി ഫണ്ട് അനുവദിക്കുന്നത്. എന്നാൽ കൃത്യമായ ഫണ്ട് അനുവദിക്കാത്തതിനാൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് കുടുംബശ്രീ പ്രവർത്തകർക്ക് സാമ്പത്തിക ബാധ്യതമൂലം മുന്നോട്ടുപോകാൻ കഴിയാത്ത അവസ്ഥ സംജാതമായതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ നാളിതുവരെ കമ്മ്യൂണിറ്റി കിച്ചൺ പദ്ധതിയ്ക്കായി കുടുംബശ്രീ മിഷൻ ചെലവഴിച്ച മുഴുവൻ തുകയും നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം)വകുപ്പ്

അട്ടപ്പാടിയിലെ കമ്മ്യൂണിറ്റി കിച്ചന്റെ പ്രവർത്തനങ്ങൾ സാമൂഹ്യനീതി വകുപ്പിന്റെ ഉത്തരവ് പ്രകാരം കുടുംബശ്രീ മിഷൻ 2014 മുതൽ നടത്തിവരികയാണ്. കുടുംബശ്രീ മിഷൻ തയ്യാറാക്കുന്ന വാർഷിക ബജറ്റ് പ്രകാരം സാമൂഹ്യനീതി വകുപ്പും പട്ടികവർഗ്ഗ വികസന വകുപ്പും 60:40 എന്ന അനുപാതത്തിൽ പണം നൽകിയാണ് കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി നടപ്പാക്കുന്നത്.

2023 മാർച്ച് 31 വരെയുള്ള തുക (പട്ടികവർഗ്ഗ വികസന വകുപ്പ് വിഹിതം) കുടുംബശ്രീമിഷന് അനുവദിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തേക്ക് കുടുംബശ്രീ മിഷൻ സമർപ്പിച്ച 17,49,52,100/- രൂപയുടെ പ്രൊപ്പോസലിൽ വിവിധ ഇനങ്ങൾക്ക് പുതിയ നിരക്കിലുള്ള തുകയാണ് ഉൾപ്പെടുത്തിയിരുന്നത്. യഥാർത്ഥ നിരക്കിലുള്ള പ്രൊപ്പോസൽ ലഭ്യമാക്കുന്നതിന് കുടുംബശ്രീയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാക്കുന്നതിനനുസരിച്ച് വകുപ്പിന്റെ വിഹിതം അനുവദിക്കുന്നതാണ്.

സമിതി ആരാഞ്ഞ അധികവിവരം

സാധനങ്ങളുടെ വിലവർദ്ധന പരിഗണിച്ച് കമ്മ്യൂണിറ്റി കിച്ചൺ പ്രവർത്തനങ്ങൾക്കുള്ള തുക വർദ്ധിപ്പിക്കേണ്ടത് ആവശ്യമാണെന്നും കുടുംബശ്രീ മിഷന് നിരക്ക് വർദ്ധിപ്പിച്ച് നൽകണമെന്നും ശിപാർശ ചെയ്തു.

ശിപാർശ 28 (ഖണ്ഡിക 43)

സ്ത്രീധന-ഗാർഹിക പീഡന സംബന്ധമായ പരാതികളിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതും സ്ത്രീകൾക്ക് നീതി ഉറപ്പാക്കുന്നതും വളരെ അത്യാവശ്യമാണ്. ആയതിനായി വനിതാ ശിശു വികസന വകുപ്പും പോലീസ് വകുപ്പുമായി ചേർന്ന് രൂപീകരിക്കാൻ ഉദ്ദ്യേശിക്കുന്ന പദ്ധതിയാണ് 'ടാസ്ക് ഫോഴ്സ്'. നിലവിൽ സ്ത്രീധന ഗാർഹിക പീഡനങ്ങൾക്കെതിരെ വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾക്ക് ഒരു മുതൽക്കൂട്ടാണ് 'ടാസ്ക് ഫോഴ്സ്' സ്ത്രീധന ഗാർഹിക പീഡനങ്ങളെക്കുറിച്ചുള്ള പരാതികൾ നാൾക്കുനാൾ വർദ്ധിച്ചുവരുന്ന ഇന്നത്തെ സാഹചര്യത്തിൽ പോലീസ് സ്റ്റേഷനിൽ ലഭിക്കുന്ന പരാതികളിൽ ഇതിന് മുൻതൂക്കം നൽകുവാൻ ഈ പദ്ധതികൊണ്ട് സാധിക്കും. ഐ.സി.ഡി.എസ്. സൂപ്പർവൈസർ, ജനമൈത്രി പോലീസ്, അങ്കണവാടി വർക്കർ, പാര ലീഗൽ വോളന്റിയർ എന്നീ അംഗങ്ങളെ ഉൾപ്പെടുത്തിയാണ് ടാസ്ക് ഫോഴ്സ് രൂപീകരിക്കാൻ വകുപ്പ് തീരുമാനിച്ചിരിക്കുന്നത്. ആയതിനാൽ ഓരോ പോലീസ് സ്റ്റേഷൻ കേന്ദ്രമാക്കിയും ടാസ്ക് ഫോഴ്സ് രൂപീകരിക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

ആഭ്യന്തര (ഡി) വകുപ്പ് ലഭ്യമാക്കിയ ഇടക്കാല മറുപടി

സ്ത്രീകൾക്ക് നീതി ഉറപ്പാക്കാനുള്ള ടാസ്ക് ഫോഴ്സ് പദ്ധതി പോലീസ് സ്റ്റേഷൻ കേന്ദ്രമാക്കി രൂപീകരിക്കണമെന്ന സമിതി ശിപാർശയിന്മേൽ സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ അഭിപ്രായങ്ങളിൽ വനിതാ ശിശു വികസന വകുപ്പ് ചില കൂട്ടിച്ചേർക്കലും ഒഴിവാക്കലും നിർദ്ദേശിച്ചിട്ടുള്ളതും, പദ്ധതിയ്ക്ക് നേതൃത്വം നൽകേണ്ടത് സംസ്ഥാന പോലീസ് മേധാവി തലത്തിലായതിനാൽ, വനിതാ ശിശു വികസന വകുപ്പിന്റെ അഭിപ്രായങ്ങൾ കൂടി പരിശോധിച്ച് ആയതിൽ എന്തെങ്കിലും നിർദ്ദേശങ്ങളുണ്ടെങ്കിൽ സമർപ്പിക്കുവാനും, ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനങ്ങൾക്ക് ഒരു മാതൃകാ പ്രവർത്തന ചട്ടം തയ്യാറാക്കുന്നതിന് വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും സംസ്ഥാന പോലീസ് മേധാവിയ്ക്ക് അടിയന്തര നിർദ്ദേശം 25.08.2025 തീയതിയിൽ നൽകിയിട്ടുണ്ട്. ആയത് എത്രയും വേഗം ലഭ്യമാക്കി സമിതി ശിപാർശ നടപ്പിലാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

അന്തിമ റിപ്പോർട്ട് എത്രയും വേഗം ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു.

വനിതാ ശിശുവികസനം (ബി) വകുപ്പ് മറുപടി ലഭ്യമാക്കിയിട്ടില്ല.

ശിപാർശ-34 (ഖണ്ഡിക-50)

കുട്ടികൾ വേണ്ടെന്നുവയ്ക്കുകയും കുടുംബജീവിതത്തെ തള്ളിപ്പറയുകയും ചെയ്യുന്ന പ്രവണത ഏറെക്കുറെ രൂഢമൂലമായിത്തീർന്നിട്ടുള്ള ഒരു നാട്ടിലാണ് നാം

ജീവിക്കുന്നത്. ലൈംഗിക അരാജകത്വം കൊടുകുത്തിവാഴുന്ന ഈ കാലഘട്ടത്തിൽ കൗമാരപ്രായക്കാർ മുതൽ വിവാഹിതർ വരെ ഗർഭം അലസിപ്പിക്കാൻ ആശ്രയപത്രികൾ തേടിയെത്തുന്നത് ഭ്രൂണഹത്യയെന്ന കൊടും ക്രൂരതയുടെ നേർക്കാഴ്ചയാണ്. കുടുംബത്തിൽ ആൺകുഞ്ഞിനെ ലഭിക്കുക, ബലി നൽകുക, കാമുകനൊപ്പം ജീവിക്കുക എന്നിങ്ങനെ യുക്തിസഹമല്ലാത്ത കാരണങ്ങളാണ് കുഞ്ഞുങ്ങളുടെ കൊലപാതകത്തിനും ഭ്രൂണഹത്യക്കും പിന്നിലുള്ള പ്രേരകശക്തി. ഇത് സമൂഹത്തിലുണ്ടായിട്ടുള്ള മൂല്യച്യുതിയുടെ മകുടോദാഹരണമാണ്. വിവാഹം കഴിക്കാതെ രണ്ടു കമിതാക്കൾ ഒന്നിച്ചു ജീവിക്കുന്ന പാശ്ചാത്യസംസ്കാരത്തിന്റെ ഭാഗമായ ലിവിംഗ് ടുഗെതർ രീതിയിൽ ജനിക്കുന്ന കുഞ്ഞുങ്ങൾക്ക് വിവാഹബന്ധത്തിൽ ജനിക്കുന്ന കുഞ്ഞുങ്ങൾക്കുള്ളത്ര അവകാശമുണ്ടെന്ന കോടതി ഉത്തരവുണ്ടെങ്കിലും കുഞ്ഞുങ്ങളെ മാതാപിതാക്കളിൽ ആര് സംരക്ഷിക്കും എന്നത് അനിശ്ചിതത്വത്തിൽ തന്നെ തുടരുന്നു. അതേ അവസ്ഥയാണ് ലിവിംഗ് ടുഗതറിൽ ഉൾപ്പെടുന്ന സ്ത്രീയുടേയും. മാന്യതയുടെ മറവിൽ നടക്കുന്ന വൈഫ് സ്വാപ്പിംഗ്രം സമൂഹത്തിൽ ലൈംഗിക വിദ്യാഭ്യാസത്തിന്റെ അപര്യാപ്തതയും തൻമൂലം സംജാതമാകുന്ന മാനസിക വൈകൃതങ്ങളും സാംസ്കാരിക അപചയത്തിന്റെ നേർക്കാഴ്ചയാണ്. ഇതൊക്കെത്തന്നെ കുടുംബ ബന്ധങ്ങളുടെ ശൈഥില്യത്തിന്റെ ദോഷഫലങ്ങളാണ്. കുടുംബ ബന്ധങ്ങളിലെ വിള്ളലുകളാണ് കാലക്രമത്തിൽ പല സാമൂഹിക വിപത്തുകൾക്കും വഴിയൊരുക്കുന്നത്. ആയതിനാൽ സമൂഹനന്മയ്ക്കുതകുന്ന രീതിയിൽ ഹൈസ്കൂൾ/ കോളേജ് തലങ്ങളിൽ തന്നെ ലൈംഗിക വിദ്യാഭ്യാസം നൽകേണ്ടത് സമൂഹ നന്മയ്ക്ക് അത്യാവശ്യമാണെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ ലൈംഗിക വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് വളർന്നു വരുന്ന തലമുറയിൽ അവബോധം സൃഷ്ടിക്കുന്നതിനും അവർ ലൈംഗിക വൈകൃതങ്ങളിൽപ്പെടാതെ ജീവിക്കുന്നതിനും ഉതകുന്ന തരത്തിൽ സ്കൂൾ/കോളേജ് തലങ്ങളിൽ തന്നെ ലൈംഗിക വിദ്യാഭ്യാസം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

പൊതുവിദ്യാഭ്യാസ (ആർ.സി)വകുപ്പ്

പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി കൗമാര വിദ്യാഭ്യാസം സംബന്ധിച്ച ഉള്ളടക്കം പാഠപുസ്തകങ്ങളുടെ ഭാഗമായിട്ടുണ്ട്. ലൈംഗിക വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ശിപാർശയിൽ, കേരള സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതിയുടെയും വനിതാ ശിശു വികസന വകുപ്പിന്റെയും സംയുക്ത നേതൃത്വത്തിൽ ഏറ്റെടുക്കാവുന്ന ലൈംഗിക വിദ്യാഭ്യാസം അടങ്ങിയ വിദ്യാഭ്യാസ പദ്ധതികൾ സംബന്ധിച്ച് ചുവടെ പറയുന്ന നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ട്:

- പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി കൗമാര വിദ്യാഭ്യാസം സംബന്ധിച്ച ഉള്ളടക്കം കൃത്യമായി വിനിമയം ചെയ്യുന്നതിന് ആവശ്യമായ പിന്തുണ എല്ലാ വിദ്യാലയങ്ങൾക്കും ഉറപ്പാക്കുക.
- വ്യത്യസ്തങ്ങളായ സ്കൗൾ ക്ലബ്ബുകളുടെ പ്രവർത്തന പദ്ധതിയും മന:ശാസ്ത്രപരവും വൈജ്ഞാനികവുമായ കൗമാര വിദ്യാഭ്യാസ പഠനപദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ രൂപപ്പെടുത്തി സ്കൂളുകൾക്ക് നൽകുക.

ആരോഗ്യ വകുപ്പിന്റെ സഹായത്തോടുകൂടി വിദ്യാലയ അധിഷ്ഠിത പരിശീലന പരിപാടികൾ നടത്തുക:

- കുടുംബശ്രീ, ICDS, വനിതാ ശിശു വികസന വകുപ്പുകൾ ചേർന്ന് കൗമാരക്കാർക്ക് ലൈംഗിക വിദ്യാഭ്യാസം, പ്രജനനാരോഗ്യം, കൗമാരക്കാർ നേരിടുന്ന വെല്ലുവിളികൾ എന്നീ വിഷയങ്ങളിൽ അധിഷ്ഠിതമായ പരിശീലനം നൽകുക.
- സ്കൂളുകളിലും കോളേജുകളിലും "Value Education & Life Skills" എന്ന വിഷയത്തിൽ ലൈംഗിക ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.
- രക്ഷിതാക്കൾക്കും അധ്യാപകർക്കും കൗമാരക്കാരുടെ മാനസിക-ശാരീരിക വളർച്ചയെക്കുറിച്ച് അവബോധം നൽകുന്നതിന് നിരന്തരമായ പരിശീലനം നൽകുക.
- സെക്കൻഡറി, ഹയർ സെക്കൻഡറി സ്കൂളുകളിൽ "Student Wellness Centers" സ്ഥാപിക്കുക സംശയങ്ങൾ വ്യക്തതയോടെ തീർക്കാൻ നിലവിലുള്ള Help Desk/Online Support System എന്നിവ ഉപയോഗിക്കുവാൻ കുട്ടികളെ പ്രാപ്തരാക്കുക.

സാമൂഹിക മാധ്യമങ്ങൾ വഴി പൊതു ബോധവത്കരണ കാമ്പെയ്ൻ നടത്തുക :

- ചിത്രരചനാ/കഥാരചനാ മത്സരം, സ്കിറ്റ്, ഡോക്യുമെന്ററി, ഷോർട്ട് ഫിലിം പ്രദർശനം എന്നിവയിലൂടെ ലൈംഗിക വിദ്യാഭ്യാസം സംബന്ധിച്ച ആശയങ്ങൾ പങ്ക് വെയ്ക്കുന്നതിന് കുട്ടികൾക്ക് അവസരം നൽകുക.

അതിക്രമങ്ങൾ, കുട്ടികൾ നേരിടുന്ന മാനസിക-ശാരീരിക പീഡനങ്ങൾക്കെതിരെ കർശന നിയമപ്രയോഗം ഉറപ്പാക്കുക. വിദ്യാലയങ്ങളിൽ കൗൺസിലർമാരുടെ സേവനം ഉറപ്പുവരുത്തുക. ഓരോ കുട്ടിയേയും പരിഗണിച്ചുകൊണ്ടുള്ള കൗൺസിലിങ് സൗകര്യങ്ങൾ സ്കൂളിൽ കൃത്യതയോടെ നടപ്പാക്കുക.

ബാലാവകാശ കമ്മിഷൻ, വനിതാ കമ്മിഷൻ, പൊലീസ് വകുപ്പ്, ആരോഗ്യവകുപ്പ് എന്നിവയുടെ സംയുക്ത പ്രവർത്തനം ഉറപ്പുവരുത്തുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പിന്റെയും വനിതാ ശിശു വികസന വകുപ്പിന്റെയും നേതൃത്വത്തിൽ പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കുക.

ഈ പ്രവർത്തനങ്ങൾ പ്രാവർത്തികമാക്കുവാൻ ആവശ്യമായ നടപടികൾ

സ്വീകരിക്കുന്നതാണ് എന്ന വിവരം കൂടി കേരളനിയമസഭയുടെ എസ്റ്റിമേറ്റ് സംബന്ധിച്ച ബഹു. നിയമസഭാ സമിതിയെ അറിയിക്കുന്നു.

സമിതി ആരാഞ്ഞ അധികവിവരം

സ്കൂൾ/കോളേജ് തലങ്ങളിൽ തന്നെ ലൈംഗിക വിദ്യാഭ്യാസം നൽകണമെന്ന ശിപാർശ അടിയന്തര പ്രാധാന്യമുള്ളതാണെന്ന് വിലയിരുത്തിയ സമിതി റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ള ലൈംഗിക വിദ്യാഭ്യാസം അടങ്ങിയ വിദ്യാഭ്യാസ പദ്ധതികൾ സംബന്ധിച്ച നിർദ്ദേശങ്ങളിൽ ഏതൊക്കെ നടപ്പിലാക്കിയിട്ടുണ്ടെന്ന് ആരായുവാനും ആയത് സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ്യമാക്കുവാനും വകുപ്പിനോട് ആവശ്യപ്പെടുവാൻ തീരുമാനിച്ചു.

ശിപാർശ 35 (ഖണ്ഡിക 51)

പ്രീമാരിറ്റൽ/മാരിറ്റൽ കൗൺസിലിംഗിന് വർദ്ധിച്ചു വരുന്ന ശിഥിലദാമ്പത്യങ്ങൾ ഒരു പരിധി വരെ കുറയ്ക്കാൻ സാധിക്കും. കുടുംബം ശിഥിലമാകുന്നതിനു മുൻപ് കൗൺസിലിംഗ് നൽകുന്നതാണ് ഏറ്റവും ഉചിതമെന്ന് സമിതി കരുതുന്നു. ആയതിനാൽ പ്രീമാരിറ്റൽ/മാരിറ്റൽ കൗൺസിലിംഗ് വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് ഒരു മാനദണ്ഡമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

വനിതാ ശിശുവികസന (എ) വകുപ്പ്

പ്രസ്തുത വിഷയത്തിന്മേൽ വിദഗ്ധ അഭിപ്രായം ആരായുന്നതിനായി ശില്പ ശാലകൾ സംഘടിപ്പിക്കുന്നതാണ്.

സമിതി ആരാഞ്ഞ അധികവിവരം.

പ്രീമാരിറ്റൽ/മാരിറ്റൽ കൗൺസിലിംഗ് വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് മാനദണ്ഡമാക്കണമെന്ന വിഷയത്തിന്മേൽ വിദഗ്ധ അഭിപ്രായം ആരായുന്നതിനായി ശില്പശാലകൾ സംഘടിപ്പിക്കുന്നതിനുള്ള നടപടി അടിയന്തരമായി ആരംഭിക്കുവാൻ സമിതി ശിപാർശ ചെയ്തു.

സർക്കാർ സ്വീകരിച്ച നടപടി

വനിതാ ശിശുവികസന (എ) വകുപ്പ്

"പ്രീമാരിറ്റൽ/മാരിറ്റൽ കൗൺസിലിംഗ്, വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് മാനദണ്ഡമാക്കണമെന്ന വിഷയത്തിൽ വിദഗ്ധ അഭിപ്രായം ആരായുന്നതിനായി ശില്പശാലകൾ സംഘടിപ്പിക്കുന്നതിനായി വർക്കിംഗ് ഗ്രൂപ്പിൽ പ്രൊപ്പോസൽ സമർപ്പിക്കുന്നതാണെന്ന് വനിതശിശുവികസന ഡയറക്ടർ അറിയിച്ചിട്ടുള്ളതും അതനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്."

സമിതി ആരാഞ്ഞ അധികവിവരം.

പ്രീമാരിറ്റൽ/മാരിറ്റൽ കൗൺസിലിംഗ് വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് മാനദണ്ഡമാക്കണമെന്ന വിഷയത്തിൽ വിദഗ്ദ്ധാഭിപ്രായം ആരായുന്നതിനായി ശില്പശാലകൾ സംഘടിപ്പിക്കുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിച്ച് സമിതിയെ അറിയിക്കുവാൻ നിർദ്ദേശിച്ചു.

ഇനിയും മറുപടി ലഭിക്കാനുള്ള ശിപാർശകൾ.

ശിപാർശ–25 (ഖണ്ഡിക–39)

നിർഭയയുടെ കീഴിൽ പ്രധാനമായും 14 എൻടി ഹോമുകൾ (ഷെൽട്ടർ ഹോം), മൂന്ന് എസ്.ഒ.എസ്., മാതൃകാ ഹോം, മോഡൽ ഹോം, ഹോം ഫോർ മെന്റൽ ഹെൽത്ത്, ആഫ്റ്റർ കെയർ ഹോം, ഇന്റഗ്രേറ്റഡ് കെയർ സെന്റർ, തേജോമയ ആഫ്റ്റർ കെയർ ഹോം എന്നിവയാണ് പ്രവർത്തിക്കുന്നത്. ഈ ഹോമുകളിലെ അന്തേവാസികൾക്ക് ഭക്ഷണത്തിനായി അനുവദിക്കുന്നത് ഒരാൾക്ക് ഒരു മാസം 2000 രൂപ എന്ന നിരക്കിലാണ്. ഹോമുകളിലെ ഇന്റർഗ്രേറ്റഡ് കെയർ സെന്ററുകളിൽ ഗർഭകാലം മുതൽ ഗർഭാനന്തരം വരെയുള്ള പരിചരണം ആവശ്യമുള്ള അന്തേവാസികൾ ഉൾപ്പെടെയുള്ളവർക്ക് ഈ തുക തുലോം കുറവാണ്. ആയതിനാൽ നിർഭയ സെല്ലിനു കീഴിൽ പ്രവർത്തിക്കുന്ന ഹോമുകളിലെ അന്തേവാസികൾക്കുള്ള ഭക്ഷണത്തിനായി അനുവദിക്കുന്ന തുക കാലോചിതമായി പരിഷ്കരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ–26 (ഖണ്ഡിക–40)
വനിത ശിശുവികസന (ബി) വകുപ്പ്

നിർഭയയുടെ കീഴിലുള്ള ഹോമുകളെല്ലാം 24 മണിക്കൂർ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ്. ഹൗസ് മദർ, കുക്ക്, സെക്യൂരിറ്റി എന്നിവരാണ് പ്രധാനമായും ഇവിടത്തെ ജീവനക്കാർ. എം.എസ്.ഡബ്ല്യു. ബിരുദധാരികളാണ് ഹൗസ് മദറായി പ്രവർത്തിക്കുന്നത്. കരാർ അടിസ്ഥാനത്തിലാണ് ഇവരെ നിയമിക്കുന്നത്. ഹൗസ് മദറിന് ₹21,500, കുക്ക്, സെക്യൂരിറ്റി എന്നിവർക്ക് ₹8,000 വീതം എന്നിങ്ങനെയാണ് 24 മണിക്കൂർ പ്രവർത്തിക്കുന്നവരുടെ വേതനനിരക്ക്. ഇത് മിനിമം വേജസ് നയംപോലും പാലിക്കാതെയാണ് നടപ്പിലാക്കുന്നതെന്ന് സമിതി കരുതുന്നു. ആയതിനാൽ നിർഭയയുടെ കീഴിൽ പ്രവർത്തിക്കുന്ന ഹോമുകളിലെ ജീവനക്കാരുടെ സേവന–വേതന വ്യവസ്ഥ പുനർനിർണ്ണയിക്കുന്നതിനും ഹോമുകളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ-27 (ഖണ്ഡിക-41)

വനിത ശിശുവികസന (ബി) വകുപ്പ്

ലൈംഗിക അതിക്രമങ്ങൾ, ആസിഡ് ആക്രമണങ്ങൾ, നിഷ്ഠുരമായ ലിംഗാധിഷ്ഠിത അതിക്രമങ്ങൾ എന്നിവയ്ക്ക് വിധേയരായിട്ടുള്ള സ്ത്രീകൾക്കും കുട്ടികൾക്കും അടിയന്തര ആശ്വാസം നൽകുക എന്നതാണ് 'ആശ്വാസനിധി' പദ്ധതിയുടെ ലക്ഷ്യം. ലൈംഗികാതിക്രമം, ലൈംഗിക പീഡനം എന്നിവ അതിജീവിച്ചവർക്ക് 50,000 രൂപ മുതൽ ഒരു ലക്ഷം രൂപ വരെ നൽകുകയും പീഡനത്തിലൂടെ ഗർഭിണിയായാൽ ഒരു ലക്ഷം രൂപ വരെ അധികം നൽകുകയും ആക്രമണത്തിന്റെ ഭാഗമായി ശരീരഭാഗമോ ജീവനോ നഷ്ടപ്പെട്ടാൽ 50,000 രൂപ മുതൽ ഒരു ലക്ഷം രൂപ വരെയും മനുഷ്യക്കടത്തിൽ നിന്ന് രക്ഷപ്പെട്ടവർക്ക് 50,000 രൂപ വരെയും നൽകുന്നതിന് പദ്ധതി മുഖേന സാധിക്കുന്നു. ഗാർഹിക പീഡനം മൂലമുള്ള മാനസിക-ശാരീരിക ആഘാതത്തിനും ഇതേ തുകയാണ് നൽകുന്നത്. പോലീസ് കേസ് രജിസ്റ്റർ ചെയ്ത് ആറു മാസത്തിനകം ജില്ലാ ശിശു അല്ലെങ്കിൽ വനിതാ സംരക്ഷണ ഓഫീസർക്ക് അപേക്ഷ നൽകുകയും വകുപ്പ് അന്വേഷണം നടത്തി നിർഭയ സെല്ലിലേക്ക് അപേക്ഷ കൈമാറുകയും ചെയ്താൽ ഒരാഴ്ചയ്ക്കകം അതിജീവിതയുടെ അക്കൗണ്ടിലേക്ക് തുക നൽകുകയാണ് പതിവ്. 2018-19 സാമ്പത്തിക വർഷം മുതലാണ് ഈ പദ്ധതിയ്ക്കായി 3 കോടി രൂപ നീക്കിയിരുപ്പ് നടത്തിയിരുന്നതെങ്കിലും പദ്ധതി വിനിയോഗം വളരെ കുറവായിരുന്നുവെന്നതിന്റെ അടിസ്ഥാനത്തിൽ 2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിൽ 2 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയത്. എന്നാൽ 2021-22 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിയായി 3.5 കോടി രൂപയും 2022-23 സാമ്പത്തിക വർഷത്തിൽ 2.75 കോടി രൂപയും ചെലവാക്കിയതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ലൈംഗികാതിക്രമങ്ങൾ കൂടിവരുന്ന നിലവിലെ സാഹചര്യത്തിൽ ആശ്വാസനിധിയ്ക്കായി ബഡ്ജറ്റിൽ അനുവദിക്കുന്ന തുക വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ-30 (ഖണ്ഡിക-46)

വനിത ശിശുവികസന (ബി) വകുപ്പ്

നിരാലംബരായ സ്ത്രീകൾക്കും കുട്ടികൾക്കും രാത്രികാലങ്ങളിൽ സുരക്ഷിതമായി താമസിക്കുവാൻ ഒരു രാത്രികാല അഭയകേന്ദ്രം എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ ആരംഭിച്ച 'എന്റെ കൂട്' പദ്ധതി അങ്ങേയറ്റം പ്രശംസനീയമാണ്. ധാരാളം സ്ത്രീകൾക്ക് തണലാകുവാൻ ഈ പദ്ധതിയ്ക്ക് കഴിഞ്ഞിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. 'എന്റെ കൂട്' പദ്ധതി കോഴിക്കോട്, തിരുവനന്തപുരം, എറണാകുളം എന്നീ ജില്ലകളിലാണ് നിലവിൽ പ്രവർത്തിച്ചു വരുന്നതെന്ന് സമിതി മനസ്സിലാക്കുന്നു.

ആയതിനാൽ "എന്റെ കൂട്" പദ്ധതി സംസ്ഥാനത്തെ മറ്റു ജില്ലകളിലും കൂടി ആരംഭിക്കുന്നതിന് സത്വര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ-32 (ഖണ്ഡിക-48)

വനിത ശിശുവികസന (ബി)വകുപ്പ്

നിർഭയ ഷെൽട്ടർ ഹോമുകളുടെ പ്രവർത്തനം, സ്വധൈര്യം മുന്നോട്ട് ക്യാമ്പയിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ, ക്ഷേമ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ, വൺഡേഹോം, വനിതകൾ ഗൃഹനാഥരായ കുടുംബങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം, അശരണരായ വിധവകളെ സംരക്ഷിക്കുന്ന ബന്ധുക്കൾക്കുള്ള ധനസഹായം, വിധവകളുടെ പുനർവിവാഹത്തിനുള്ള ധനസഹായം, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിധവകൾക്ക് സ്വയം തൊഴിലിനുള്ള ധനസഹായം, ജെൻഡർ അഡ്വൈസറി ബോർഡിന്റെ പ്രവർത്തനങ്ങൾ എന്നിവ 2235-02-103-88-വനിതാ വികസന പദ്ധതികൾ എന്ന ശീർഷകത്തിന്റെ കീഴിലാണ് വരുന്നത്. ആയതിലേയ്ക്കായി 2019-20, 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ ബഡ്ജറ്റിൽ അനുവദിച്ച തുക മുഴുവനായും ചെലവാക്കിയതായി കാണുന്നില്ലായെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ വനിതാ ശിശു വികസന വകുപ്പ് നിലവിൽ വന്ന ശേഷം വനിതകൾക്ക് മാനസിക ധൈര്യം സംഭരിക്കുന്നതിനും സാമ്പത്തികമായി മുന്നേറുന്നതിനും വിവിധ പദ്ധതികൾക്കായി അനുവദിക്കുന്ന മുഴുവൻ തുകയും ചെലവാക്കി ഉപകാരപ്രദമായി പദ്ധതികൾ നടപ്പിലാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ-33 (ഖണ്ഡിക-49)

വനിത ശിശുവികസന (ബി)വകുപ്പ്

സ്ത്രീകൾ അവരവരുടെ കർമ്മ മേഖലകളിൽ തങ്ങളുടെ കഴിവ് തെളിയിച്ച് സ്വയംപര്യാപ്തരായവർക്കായി 2019-ൽ പ്രഖ്യാപിച്ചിരുന്നതാണ് ദാക്ഷായണി വേലായുധൻ അവാർഡ്. ഒരു സമിതി രൂപീകരിച്ച് അവാർഡിനർഹരായവരെ തെരഞ്ഞെടുക്കുന്നതിനാണ് തീരുമാനിച്ചിരുന്നത്. എന്നാൽ നാളിതുവരെ പ്രസ്തുത അവാർഡ് സമ്മാനിച്ചതായി കാണുന്നില്ല. സ്ത്രീ ശാക്തീകരണത്തിനുള്ള പ്രോത്സാഹനമായി നൽകാൻ തീരുമാനിച്ചിരുന്ന ദാക്ഷായണി വേലായുധൻ അവാർഡ് നൽകുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കണമെന്നും അവാർഡ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ 39 (ഖണ്ഡിക 55)

വനിതാ ശിശുവികസന (ബി) വകുപ്പ്

വനിത-ശിശു വികസന വകുപ്പിന്റെ പൊതുമേഖലാസ്ഥാപനമായ കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ കീഴിലുള്ള വനിതാ ഹെൽപ്പ്

ലൈനാണ് മിത്ര-181. പ്രതിസന്ധികളിൽ അകപ്പെടുന്ന സ്ത്രീകൾക്ക് സഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്. എന്തെങ്കിലും പ്രതിസന്ധി നേരിടുന്ന സ്ത്രീകൾക്ക് കേരളത്തിൽ എവിടെ നിന്നും 181 എന്ന ടോൾ ഫ്രീ നമ്പറിൽ ബന്ധപ്പെടുന്നതിന് തിരുവനന്തപുരത്തെ ടെക്നോപാർക്കിലെ സ്ഥാപനത്തിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി 24 മണിക്കൂറും ഇടതടവില്ലാതെ സേവനം നൽകുന്നുവെന്നത് അഭിനന്ദനാർഹമാണ്. എന്നാൽ മിത്ര-181-ന്റെ പ്രചാരണം നല്ല രീതിയിൽ നടക്കുന്നില്ലയെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ മിത്ര-181-ന്റെ പ്രചാരണം കാര്യക്ഷമമായി നടത്തി എല്ലാവരിലേക്കും പദ്ധതി സംബന്ധിച്ച പ്രചാരണം എത്തിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ 40 (ഖണ്ഡിക 56)
വനിതാ ശിശുവികസന (ബി) വകുപ്പ്

വനിത-വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്ന പദ്ധതിയാണ് സ്വയം തൊഴിൽ വായ്പാ പദ്ധതി. സ്വയം തൊഴിൽ വായ്പാ പദ്ധതി മുഖാന്തരം സ്ത്രീകളെ സ്വയം സംരംഭകരാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതി പ്രകാരം ഏറ്റവും കൂടുതൽ തുക വാങ്ങി ചെലവഴിച്ചിട്ടുള്ള സംസ്ഥാനമാണ് കേരളം. പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ അവാർഡും നാഷണൽ എസ്.സി. ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ നിന്ന് ആറാമത്തെ വർഷവും ഈ പദ്ധതിയ്ക്ക് അവാർഡ് ലഭിച്ചുവെന്നത് വനിതാ വികസന കോർപ്പറേഷന് അഭിമാനിക്കാവുന്ന നേട്ടമാണ്. സ്വയം തൊഴിൽ പദ്ധതി മുഖേന കൂടുതൽ സ്ത്രീകളെ സംരംഭകരാക്കാൻ സാധിക്കുമെന്നതിനാൽ ഈ ആവശ്യത്തിനായി കൂടുതൽ ഫണ്ട് അനുവദിച്ച് ആയത് ചെലവഴിക്കുന്നതിനുള്ള നടപടി സ്വീകരിക്കാനും സമിതി നിർദ്ദേശിക്കുന്നു.

ശിപാർശ 41 (ഖണ്ഡിക 58)
വനിതാ ശിശുവികസന (ബി) വകുപ്പ്

സ്ത്രീ ശാക്തീകരണം ലക്ഷ്യമാക്കിക്കൊണ്ട് നടപ്പിലാക്കിയതും ധനകാര്യവകുപ്പ് അംഗീകാരം നൽകിയതുമായ ജെൻഡർ പാർക്ക് ആരംഭിക്കുന്നതിനുള്ള ഫണ്ട് അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ 42 (ഖണ്ഡിക 59)
വനിതാ ശിശുവികസന (ബി) വകുപ്പ്

ജെൻഡർ പാർക്ക് പദ്ധതി വിഭാവനം ചെയ്ത രീതിയിൽ പൂർണ്ണമായ തോതിൽ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ 43 (ഖണ്ഡിക 60)

വനിതാ ശിശുവികസന (ബി) വകുപ്പ്

ഗാർഹിക പീഡനത്തിനിരയാകുന്ന വനിതകൾക്കും കുട്ടികൾക്കും സൗജന്യ നിയമസഹായം, വൈദ്യസഹായം, വൊക്കേഷണൽ ട്രെയിനിംഗ്, ഷെൽട്ടർ ഹോമുകളിലേയ്ക്കുള്ള റഫറൻസ്, പോലീസിന്റെ സഹായം, ഗാർഹിക പീഡനനിയമത്തെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസുകൾ, കൗൺസിലിംഗ് എന്നിവ നൽകുന്നതിന് കേരളത്തിലെ 14 ജില്ലകളിലായി നിലവിൽ 90 സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിരുന്നുവെങ്കിലും ഇപ്പോൾ അത് 80 ആയി ലോപിച്ചിട്ടുണ്ട്. നിരാലംബരായ സ്ത്രീകൾക്ക് ആശ്വാസമേകുന്നതിനായി ആരംഭിച്ച സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ എല്ലാ ബ്ലോക്കുകളിലും ഉണ്ടായാൽ സൗകര്യപ്രദമായിരിക്കും. ആയതിനാൽ എല്ലാ ബ്ലോക്കുകളിലും സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

തിരുവനന്തപുരം,
2026 ഒക്ടോബർ 29

വി. ടി. ബൽറാം,
ചെയർപേഴ്സൺ,
എസ്റ്റിമേറ്റ്സ് കമ്മിറ്റി.

കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ് - എം.എൽ.എ മാരുടെ പ്രത്യേക വികസന നിധി - നവീകരിച്ച ഇലക്ട്രോണിക്ക് അമ്മത്തൊട്ടിൽ വാങ്ങുന്ന പ്രവൃത്തിയ്ക്കായി ഫണ്ട് വിനിയോഗിക്കുന്നതിന് നിലവിലെ മാർഗ്ഗരേഖ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ (നോഡൽ സെന്റർ - ബി) വകുപ്പ്

സ.ഉ.(അച്ചടി) നം.117/2019/ധന. **തിരുവനന്തപുരം, തീയതി 26/08/2019.**

പരാമർശം : 1. 29/12/2017- ലെ സ.ഉ.(അച്ചടി) നം. 161/2017/ധന. ഉത്തരവ്.

2. കേരള സംസ്ഥാന ശിശുക്ഷേമ സമിതി സെക്രട്ടറി ബഹു. ധനകാര്യ വകുപ്പ് മന്ത്രിയ്ക്ക് 20/06/2018 ൽ നൽകിയ കത്ത്.

ഉത്തരവ്

എം.എൽ.എ മാരുടെ പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗ്ഗരേഖയായ പരാമർശം (1) ഉത്തരവ് പ്രകാരം യാതൊരു വിധത്തിലുള്ള സ്റ്റോക്കോ ഇൻവെന്ററിയോ ഈ പദ്ധതിയിൻ കീഴിൽ അനുവദനീയമല്ല. പൊതു സ്ഥലങ്ങളിലും മറ്റും വലിച്ചെറിയപ്പെടുന്ന അനാഥബാല്യങ്ങളെ സുരക്ഷിതമായി കൈയേൽക്കുന്നതിനായി കേരള സംസ്ഥാന ശിശുക്ഷേമസമിതിയുടെ കീഴിൽ വിവിധ ജില്ലകളിൽ അമ്മതൊട്ടിൽ സ്ഥാപിച്ചു വരുന്നുണ്ട്. എന്നാൽ 15 വർഷം മുമ്പുള്ള സാങ്കേതിക വിദ്യയിൽ നിർമ്മിച്ച അമ്മതൊട്ടിൽ പലതും ഇപ്പോൾ പ്രവർത്തനരഹിതവും സ്പെയർപാർട്സുകൾ കിട്ടാനില്ലാത്തതിനാൽ അറ്റകുറ്റപ്പണികൾ നടത്തുവാനുമാകാത്ത അവസ്ഥയിലാണ്. നിലവിലെ മാർഗ്ഗരേഖ പ്രകാരം ഇലക്ട്രോണിക്ക് അമ്മത്തൊട്ടിൽ സ്ഥാപിക്കുന്ന പ്രവൃത്തി അനുവദനീയമല്ലാത്തതിനാൽ പ്രവൃത്തി നടപ്പിലാക്കുന്നതിന് സാങ്കേതിക തടസ്സം നേരിടുന്നുണ്ട്. ആയതിനാൽ എം.എൽ.എ ഫണ്ടിന്റെ നിലിവിലെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തി **നവീകരിച്ച ഇലക്ട്രോണിക്ക് അമ്മത്തൊട്ടിൽ** കൂടി അനുവദനീയമായ പ്രവൃത്തികളിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം (2) ൽ അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന ശിശുക്ഷേമ സമിതിയുടെ കീഴിൽ വിവിധ ജില്ലകളിൽ നവീകരിച്ച **ഇലക്ട്രോണിക്ക് അമ്മത്തൊട്ടിൽ** സ്ഥാപിക്കുന്നതിന് എം.എൽ.എ മാരുടെ പ്രത്യേക വികസന നിധി വിനിയോഗിക്കുന്നതിന് അനുമതി നൽകി നിലവിലെ മാർഗ്ഗരേഖ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എസ്. നരേന്ദ്രൻ പിള്ള

ഡെപ്യൂട്ടി സെക്രട്ടറി (ധനകാര്യം)

പകർപ്പ് :

1. എല്ലാ നിയമസഭാ സാമാജികർക്കും
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), (ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം,
3. അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
4. ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
5. ബഹു. സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
6. ബഹു. മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
7. ബഹു. പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി
8. എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും ഗവൺമെന്റ് സെക്രട്ടറിമാർക്കും
9. എല്ലാ ജില്ലാ കളക്ടർമാർക്കും
10. ട്രഷറി വകുപ്പ് ഡയറക്ടർ
11. എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും
12. സെക്രട്ടറി, കേരള സംസ്ഥാന ശിശുക്ഷേമ സമിതി, തൈക്കാട്, തിരുവനന്തപുരം.
13. വെബ് ആന്റ് ന്യൂ മീഡിയ (ഗവൺമെന്റിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
14. നോഡൽ ഓഫീസർ, www.finance.kerala.gov.in
15. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി [E 1270679, No. NC-B1/76/2019/Fin]

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ